മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 47 THE ONLINE OFFICIAL NEWS BULLETIN 2025 November 20

SEASON OF THE ANNUNCIATION ❦ അറിയിപ്പുകാലം ❦ ܥܕܢܐ ܕܒܫܪܬܐ

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
23	24	25	26	27	28	29
Suboroh dabthulto Annunciation to St. Mary	209th Mem. of Sabha Jyothis Pulikkottil Joseph Mar Dionysius I 29th Mem. of Dr. Paulos Mar Gregorios (Kottayam Old Seminary)	Comme. of St. Clement of Rome		Comme. of St. Jacob Mapasco Sahada	Comme. of St. Jacob Baradaeus & St. Dionysius Barsleebi	Comme. of St. Jacob of Serugh

തിരുവനന്തപുരം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി 2025 ഡിസംബർ 1 മുതൽ നിയമിതനാകുന്ന ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ സഭാ ആസ്ഥാനത്ത് പരിശുദ്ധ കാതോലിക്കാ ബാവായിൽ നിന്ന് കല്പന സ്വീകരിക്കുന്നു.

മാർ യൂലിയോസ് തിരുവനന്തപുരം ഭദ്രാസന സഹായ മെത്രാപ്പോലീത്താ

കോട്ടയം: തിരുവനന്തപുരം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി ഡോ. ഗീവർഗീസ് മാർ യൂലിയോസിനെ നിയമിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വിരമിച്ചതിനെ തുടർന്നാണിത്.

കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തയാണ്. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ പ്രസിഡന്റ്, ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിഡന്റ്. സഭ ഇന്റർ ചർച്ച് എക്യൂമെനിക്കൽ ഡിപ്പാർ ട്ട്മെന്റ് വൈസ് പ്രസിഡന്റ് എന്നീ ചുമതലകൾ വഹിക്കുന്നു.

കുഴിമറ്റം സെന്റ് ജോർജ് പള്ളിയുടെ ശതോത്തര രജതജൂബിലിയുടെ ഭാഗമായി നടത്തപ്പെടുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പ. കാതോലിക്കാ ബാവാ നിർവഹിച്ചു.

ഡോ. ജെ. അലക്സാണ്ടർ സ്മാരക പുരസ്കാരം
പ. കാതോലിക്കാ ബാവായ്ക്ക്

കൊച്ചി: സഹതാപമല്ല ദീനാനുകമ്പയാണ് മനുഷ്യർക്ക് ഉണ്ടാകേണ്ടതെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് ഏർപ്പെടുത്തിയ ഡോ. ജെ. അലക്സാണ്ടർ സ്മാരക പുരസ്കാരം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥിൽ നിന്നും ഏറ്റുവാങ്ങിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്ത് ഒറ്റ പൗരത്വം മാത്രമേയുള്ളു അതിൽ ഇന്ത്യാക്കാരനെന്നും അമേരിക്കക്കാരനെന്നും ജർമ്മൻ കാരനെന്നുമൊക്കെയുള്ള വേർതിരിവ് മനുഷ്യർ ഉണ്ടാക്കിയ പരിധികളും പരിമിതികളുമാണ്. സാങ്കേതിക വിദ്യയുടെ വികസനത്തോടെ വസുധൈവ കുടുംബകം എന്ന ഭാരതീയ ദർശനത്തിലേക്ക് ലോകം എത്തിയ കാലത്താണ് നമ്മൾ ജീവിക്കുന്നതെന്നും കാതോലിക്കാ ബാവാ പറഞ്ഞു. മാനുഷിക മൂല്യങ്ങൾക്ക് പ്രാമുഖ്യം കൊടുത്ത് അനുകമ്പയുള്ളവരായി മാറുമ്പോഴാണ് ജാതി,മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കപ്പുറം സൃഷ്ടാവ് സൃഷ്ടിച്ച ഒറ്റ മനുഷ്യ വർഗ്ഗത്തിൽ വസുധൈവകുടുംബകം എന്ന സങ്കൽപ്പം പൂർത്തിയാകുന്നതെന്നും മലങ്കരസഭാധ്യക്ഷൻ കൂട്ടിച്ചേർത്തു. ഇല്ലായ്മയെ അതി ജീവിച്ചാൽ എല്ലാത്തിനെയും അതിജീവിക്കാമെന്ന് പുരസ്കാര സമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്ര സഹമന്ത്രി അഡ്വ. ജോർജ്ജ് കുര്യൻ പറഞ്ഞു. പുരസ്ക്കാരം ജേതാവായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവായുടെ ജീവിതം നൽകുന്ന സന്ദേശം സമൂഹം മാതൃകയാക്കണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

പ്രഥമ ബസേലിയൻ ശ്രേഷ്ഠ പുരസ്കാരം വൈക്കം വിജയലക്ഷ്മിക്ക്

കോട്ടയം: പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം കോട്ടയം ബസേലിയോസ് കോളജ് ഏർപ്പെടുത്തിയ പ്രഥമ 'ബസേലിയൻ ശ്രേഷ്ഠ' പുരസ്കാരം ചലച്ചിത്ര പിന്നണി ഗായിക വൈക്കം വിജയലക്ഷ്മിക്ക്. 25,000 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന പുരസ്കാരം 2026 ജനുവരി അഞ്ചിന് കോളജിലെ മാർ ഡയനീഷ്യസ് ഹാളിൽ നടക്കുന്ന 62-ാമത് പേട്രൺസ് സെയിന്റ്സ് ദിനാഘോഷത്തിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ സമ്മാനിക്കും. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നിർവഹിക്കും.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കോപ്റ്റിക്ക് സഭാധ്യക്ഷനുമായുള്ള കൂടിക്കാഴ്ച്ച സൗഹാർദ്ദപരം

കെയ്റോ: കോപ്റ്റിക്ക് ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ പോപ്പ് തവാദ്രോസ് രണ്ടാമനുമായി മലങ്കരസഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നടത്തിയ കൂടിക്കാഴ്ച്ച ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ രണ്ട് സഹോദരി സഭകൾ തമ്മിലുള്ള പരസ്പര സഹകരണത്തിന് കൂടുതൽ ഊർജ്ജം പകരുന്നതാണ്. ലോകമാകെ അശാന്തി പടരുന്ന ഈ കാലത്ത് ക്രൈസ്തവസഭകൾക്ക് ഒട്ടേറെ സാമൂഹിക ഇടപെടലുകൾ നടത്താനാകുമെന്ന് കെയ്റോയിൽ നടന്ന യോഗം വിലയിരുത്തി. എത്യോപ്യയിൽ ഓർത്തഡോക്സ് ക്രൈസ്തവർക്ക് നേരെ നടക്കുന്ന വംശഹത്യയിൽ മലങ്കരസഭയ്ക്കുള്ള വേദന കോപ്റ്റിക്ക് സഭാതലവനുമായി പങ്കുവെച്ചു. ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയിലെ പ്രധാനപ്പെട്ട അംഗമാണ് എത്യോപ്യൻ ഓർത്തഡോക്സ് സഭ.

മലങ്കരസഭാതർക്കവും കൂടിക്കാഴ്ച്ചയിൽ ചർച്ചയായി. ഭാരതത്തിന്റെ പരമോന്നത കോടതി സത്യവും നീതിയും ശരിയും കണ്ടെത്തി അന്തിമ വിധി പ്രഖ്യാപിച്ച ശേഷവും ശാശ്വതസമാധാനം പൂർണമായിട്ടില്ലെന്ന വസ്തുത ഏവരെയും ബോധ്യപ്പെടുത്താൻ മലങ്കരസഭ പ്രതിജ്ഞാബദ്ധമാണ്. അല്ലാത്തപക്ഷം ഭാരതത്തിന്റെ കോടതിവിധികളുടെ അന്തസത്ത ലോകത്തിന് മുന്നിൽ ചോദ്യം ചെയ്യപ്പെടും. മലങ്കരസഭയെ ആദിമകാലം മുതൽ ഭാരതസഭ അഥവാ ഇന്ത്യൻ ഓർത്തഡോക്സ് സഭ എന്ന് അറിയപ്പെടുന്നത് തന്നെ രാജ്യത്തിന്റെ നിയമ വ്യവസ്ഥിതിയോട് ചേർന്ന് നിൽക്കുന്നതുകൊണ്ടാണ്. ഇക്കാര്യങ്ങളെല്ലാം കൂടിക്കാഴ്ച്ചയിൽ ചർച്ചയായി. മലങ്കരയിൽ ശാശ്വതസമാധാനമുണ്ടാകണമെന്ന് മലങ്കരസഭയെപ്പോലെ കോപ്റ്റിക്ക് സഭയും ആ?ഗ്രഹിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള സമിതികൾ രൂപീകരിച്ചിട്ടില്ല. വസ്തുതാപരമല്ലാത്ത വാർത്തകൾക്ക് ആയുസില്ലാത്ത കാലമാണിതെന്ന് സഭാതർക്കം മ?ഗളമായി പര്യവസാനിക്കാൻ ആ?ഗ്രഹിക്കുന്നവർ തിരിച്ചറിയണം. സമാധാനത്തിലേക്കുള്ള വാതിൽ മലങ്കരസഭ എപ്പോഴും തുറന്നിട്ടിരിക്കുകയാണ്. ഇക്കാര്യം ഒരിക്കൽക്കൂടി പരിശുദ്ധ പോപ്പിനെ അറിയിക്കുവാൻ കൂടിക്കാഴ്ച്ചയിൽ സാധിച്ചു.

സഭയുടെ എക്യൂമെനിക്കൽ ഡിപ്പാർട്ട്മെന്റിനെ പ്രതിനിധീകരിച്ച് അഭിവന്ദ്യ ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ, ഫാ. അശിൻ ഫെർണാണ്ടസ് എന്നിവരും, സഭയുടെ വർക്കിംഗ് കമ്മിറ്റി അംഗം ജേക്കബ് മാത്യു, ഫാ. ഗീവർഗീസ് ജോൺസൺ എന്നിവരും കോപ്റ്റിക്ക് സഭാതലവന്റെ കെയ്റോയിലെ ഔദ്യോഗിക വസതിയിൽ നടന്ന കൂടിക്കാഴ്ച്ചയിൽ പരിശുദ്ധ കാതോലിക്കാ ബാവായ്ക്കൊപ്പം പങ്കെടുത്തു.

വെല്ലൂർ സ്നേഹ ഭവൻ പരിശുദ്ധ ബാവാ സന്ദർശിച്ചു. സ്നേഹഭവന്റെ വിവിധ പ്രവർത്തനങ്ങളെ ശ്ലാഘിച്ച പരിശുദ്ധ പിതാവ്, കണികാപുരത്ത് നിർമ്മാണത്തിൽ ഇരിക്കുന്ന പുതിയ സ്നേഹഭവൻ കെട്ടിടം സന്ദർശിക്കുകയും അതിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുകയും ചെയ്തു. 15 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പുതിയ സ്നേഹഭവന്റെ നിർമ്മാണം അനേകർക്കു ആശ്വാസവും അഭയവും ആകുവാൻ തക്കവണ്ണം ഏറ്റവും എളുപ്പത്തിൽ പൂർത്തീകരിക്കാൻ ഇടയാകട്ടെ എന്ന് പരിശുദ്ധ പിതാവ് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. സ്നേഹ ഭവൻ ഡയറക്ടർ ഫാ. സജു ഉണ്ണുണ്ണി അസിസ്റ്റന്റ് ഡയറക്ടർ ഫാ. റോബിൻ പി. തോമസ് എന്നിവർ പരിശുദ്ധ പിതാവിനെ അനുഗമിച്ചു.

കായംകുളം ഫിലിപ്പോസ് റമ്പാന്റെ സ്മരണാർഥം അടൂർ കണ്ണങ്കോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഏർപ്പെടുത്തിയ വേദരത്ന പുരസ്കാരം (25,001 രൂപ) ചലച്ചിത്ര പിന്നണി ഗായകൻ കെ. ജി. മർക്കോസിന് സഖറിയാ മാർ അപ്രേം സമർപ്പിച്ചു. ഫിലിപ്പോസ് റമ്പാന്റെ 213-ാമത് ഓർമപ്പെരുന്നാളിനോടനുബന്ധിച്ചു 12-നു കത്തീഡ്രലിൽ നടന്ന സമ്മേളനത്തിൽ ഇടവക വികാരി ഫാ. ഫിലിപ്പോസ് ഡാനിയേൽ, പുരസ്കാര കമ്മിറ്റി കൺവീനർ പ്രഫ. ഡി. കെ. ജോൺ എന്നിവർ പ്രസംഗിച്ചു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1956)



1956 നവംബർ

25 ഞായർ. രാവിലെ പഴയസെമിനാരിയിലേക്കു പോയി. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് (പഴയ സെമിനാരി സ്ഥാപകൻ) തിരുമനസ്സിലെ ഓർമ്മ ദിവസമായിരുന്നു ഇന്ന്. നാമും മണലിൽ യാക്കോബ് കത്തനാരും മാനേജര ച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. നാം കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. അനന്തരം കബറിങ്കൽ പ്രാർത്ഥന നടത്തുകയും പെരുനാൾ പ്രമാണിച്ചുള്ള റാസ മുതലായ ചടങ്ങുകൾക്കു ശേഷം വാഴ്വ് കൊടുക്കുകയും ചെയ്തു. തിയോളജിക്കൽ സെമിനാരിയിലെ വിദ്യാർത്ഥികളെല്ലാം പെരുന്നാളിൽ സംബ ന്ധിച്ചിരുന്നു. ഉച്ചമേശ കഴിഞ്ഞ് മൂന്നു മണിയോടു കൂടി നാം അരമനയിലേക്കു തിരിച്ചുപോന്നു. ഉമ്മൻ ശെമ്മാശൻ നാലു മണിയോടു കൂടി വീട്ടിലേക്കു പോയി.

26 തിങ്കൾ. മാനേജരച്ചനും മണലിൽ അച്ചനും വന്നിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചനുമൊന്നിച്ച് കേസിന്റെ പണപ്പിരിവിനു പോയ വിവരങ്ങൾ പറഞ്ഞു. മണലിൽ അച്ചൻ ഇന്ന് വീട്ടിലേക്കു പോയി.

27 ചൊവ്വ. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. ഓഫീസ് കാര്യങ്ങൾ അ ന്വേഷിച്ചിട്ട് ഉച്ചയോടു കൂടെ തിരിച്ചുപോയി. ഏബ്രഹാം കത്തനാർ മൂലേടത്തു നിന്നും വന്നു. അവിടുത്തെ കാതോലിക്കാ ദിനപ്പിരിവും റീശീസായും കൊണ്ടു വന്നു തന്നു.

28 ബുധൻ. ഇന്ന് യാക്കോബ് ബുർദാനായുടെ ഓർമ്മദിവസമാകയാൽ മേൽപ്പാടത്തുകാരൻ മത്തായി കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കല്ലൂപ്പാറ പള്ളി വികാരി പണിക്കർ ഗീവർഗീസ് കത്തനാർ വന്നിരുന്നു. അവിടുത്തെ പള്ളി ക്കാര്യങ്ങളെപ്പറ്റി പറഞ്ഞു. അതു സംബന്ധിച്ച് ദീവന്നാസ്യോസ് മെത്രാച്ചന്റെ പേർക്കു നാം കല്പന കൊടുത്തു.

29 വ്യാഴം. ഇന്ന് ഭൂലോക മല്പാനായ മാർ യാക്കോബിന്റെ ഓർമ്മദിവ സവും നാം പുത്തൻ കുർബ്ബാന ചൊല്ലിയ ദിവസവുമാകയാൽ മത്തായി കത്ത നാർ വി. കുർബ്ബാന ചൊല്ലി. പള്ളത്തുകാരൻ തോമസ് ശെമ്മാശൻ വന്നിരു ന്നു. അയാൾക്കു കൊല്ലാട്ടു സ്കൂളിൽ ജോലി കിട്ടിയ കാര്യവും മറ്റും പറ ഞ്ഞു. സന്ധ്യയോടു കൂടി ഉമ്മൻ ശെമ്മാശൻ വീട്ടിൽ നിന്നും വന്നു.

30 വെള്ളി. രാവിലെ മാനേജരച്ചനും നൈനാച്ചനും വന്നിരുന്നു. ഈ ആഴ്ച യിൽ ദീവന്നാസ്യോസ് മെത്രാച്ചനോടു കൂടി നിരണം ഭദ്രാസനത്തിലെ പല പള്ളികളിലും പോയി കേസിനു പണം പിരിച്ചതിനെപ്പറ്റി പറയുകയും കണ ക്കുകൾ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. നമ്പ്യാർക്കു കൊടുക്കാനുള്ളത് ഉടനെ അയച്ചുകൊടുക്കണമെന്ന് നാം പറഞ്ഞു.

ഉച്ചയോടു കൂടി കുറിച്ചിയിൽ നിന്നും വേണാട്ടുകളത്തിലെ ചാക്കോച്ചൻ വന്നിരുന്നു. നമ്മുടെ അനുജൻ കൊച്ചുപാപ്പിക്കു അസുഖം അല്പം കൂടു തലാണെന്നു പറഞ്ഞു. അതിനാൽ ഉച്ചകഴിഞ്ഞു മാനേജരച്ചനുമൊന്നിച്ച് കുറി ച്ചിക്കു പോയി. ദീവന്നാസ്യോസ് മെത്രാച്ചനും കുറിച്ചി പള്ളിയിൽ എത്തിയിരു ന്നു. ദീവന്നാസ്യോസ് മെത്രാച്ചനും മാനേജരച്ചനും കല്ലാച്ചേരിയിൽ പോയി കൊച്ചുപാപ്പിക്കു തൈലാഭിഷേകം നടത്തി. കല്ലാച്ചേരിലോട്ടു ഇപ്പോൾ വര മ്പേൽ കൂടി പോകേണ്ടതിനാൽ നമുക്ക് വീട്ടിൽ പോകാൻ സാധിക്കാതെ വന്ന തുകൊണ്ട് നാം പള്ളിയിൽ വിശ്രമിച്ചു. മെത്രാച്ചൻ തൈലാഭിഷേകം കഴിഞ്ഞു വന്ന് കൊച്ചുപാപ്പിക്കു ആശ്വാസം ഉണ്ടെന്നു പറഞ്ഞു. കാപ്പിമേശ കഴിഞ്ഞ് നാം അരമനയിലേക്കും മെത്രാച്ചൻ തിരുവല്ലായ്ക്കും പോയി.

സന്ധ്യയോടുകൂടി തുമ്പമൺ സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന സ്കറിയാ വാദ്ധ്യാർ വന്നിരുന്നു. തുമ്പമൺ സ്കൂളിലെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ തോമ സും, ഇടിക്കുളയും തമ്മിലുള്ള തർക്കങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു.

1956 ഡിസംബർ

ഡിസംബർ 1 ശനി. മേൽപ്പാടത്തുകാരൻ മത്തായി കത്തനാർ പള്ളത്തിനു പോയി. നാലു മണിയോടു കൂടി യോഹന്നാൻ കത്തനാർ ഇവിടെ വന്നു.

2 ഞായർ. രാവിലെ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാ നമദ്ധ്യേ അയാൾ പ്രസംഗിച്ചു. നാം പള്ളിയിൽ പോയി എല്ലാ ശുശ്രൂഷകളിലും സംബന്ധിച്ചു. ഇന്ന് മല്പാനച്ചൻ ഇവിടെ താമസിക്കുകയും ചെയ്തു. മറ്റ് വിശേ ഷങ്ങൾ ഒന്നുമില്ല.

3 തിങ്കൾ. കാലത്ത് നമസ്കാരം കഴിഞ്ഞ് യോഹന്നാൻ കത്തനാർ എം.ഡി. സെമിനാരിയിലേക്കു പോയി. മാനേജർ കത്തനാർ വന്നിരുന്നു. ഉച്ചയോടുകൂടി തേവോദോസ്യോസ് മെത്രാച്ചൻ വരികയും ഇവിടെ താമസിക്കുകയും ചെയ്തു. നമ്മുടെ ആപ്പീസ് സെക്രട്ടറി ഫീലിപ്പോസ് കത്തനാരുടെ അമ്മ മരിച്ചുപോയ വിവരം നമ്മെ അറിയിക്കുകയും നാലു മണിക്കു ശവസംസ്കാരത്തിൽ സംബ ന്ധിക്കുവാൻ ക്ഷണിക്കുകയും ചെയ്തു. നാമും തേവോദോസ്യോസ് മെത്രാ ച്ചനും ഒന്നിച്ച് മൂന്ന് മണിക്ക് പുത്തൻപള്ളിയിൽ പോകുകയും ലുത്തിനിയാ നടത്തിയശേഷം അവിടെ അല്പം വിശ്രമിക്കുകയും ചെയ്തു. അത്താനാ സ്യോസ് മെത്രാച്ചനും അവിടെ വന്നുചേർന്നു. നാലര മണിക്ക് മൃതശരീരം പള്ളിയിൽ കൊണ്ടുവന്നു. നമ്മുടെ പ്രധാന കാർമ്മികത്വത്തിൽ മെത്രാച്ചന്മാ രുടെയും മറ്റും അനവധി പട്ടക്കാരുടെയും സഹകരണത്തിൽ സംസ്കാരകർമ്മം നടത്തുകയും അതിനുശേഷം കാപ്പിമേശയും കഴിഞ്ഞ് തേവോദോസ്യോസ് മെത്രാച്ചനും ഒന്നിച്ച് ദേവലോകം അരമനയിലേക്കു തിരിച്ചുപോരുകയും

ചെയ്തു. ഇവിടെ എത്തി നമസ്കാരം നടത്തി വിശ്രമിക്കുകയും ചെയ്തു.

4 ചൊവ്വ. മർത്ത ബർബറായുടെയും മാർ യൂലിയാനയുടെയും ഓർമ്മ പ്രമാണിച്ച് ബഥനിയിലെ മത്തായി കത്തനാർ കുർബ്ബാന ചൊല്ലി. നാമും തേവോദോസ്യോസ് മെത്രാച്ചനും ഇവിടെ സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജർ കത്തനാർ വന്നിരുന്നു. മെത്രാച്ചന്റെ കാറിൽ ബഥനിയിലെ മത്തായി കത്തനാരും മാനേജർ കത്തനാരും കൂടി ആലുവായിക്കു പോകുകയും അവിടെ നിന്ന് റ്റി. വി. ജോൺ കത്തനാരെ കൂട്ടിക്കൊണ്ട് സന്ധ്യയോടു കൂടി ഇവിടെ മടങ്ങിയെത്തുകയും ചെയ്തു. ജോൺ കത്തനാരുടെ അഭിപ്രായവ്യത്യാസങ്ങൾ നാം പറഞ്ഞു മനസ്സിലാക്കി. അയാൾ ഇവിടെ താമസിച്ചു.

5 ബുധൻ. നാം അരമനയിൽ സുഖമായി താമസിച്ചു. തേവോദോസ്യോസ് മെത്രാച്ചനും ഇവിടെയുണ്ടായിരുന്നു. റ്റി. വി. ജോൺ കത്തനാരുടെ സംശയങ്ങൾ തീർത്ത് ഉച്ചകഴിഞ്ഞ് അയാൾ ആലുവായ്ക്കു പോയി. ബഥനിയിലെ മത്തായി കത്തനാർ ബഥനിക്കു പോയി. കുറിച്ചിയിൽ കല്ലാശ്ശേരിയിൽ പോയി കൊച്ചുപാപ്പിയുടെ സുഖക്കേടു വിവരങ്ങൾ അറിഞ്ഞശേഷം ചിറത്തലയ്ക്കൽ ഏലിയാസ് തോമസ് കത്തനാർ ഇവിടെ നമ്മുടെ അടുക്കൽ വന്ന് സുഖക്കേട് കുറവുള്ള കാര്യങ്ങളും മറ്റും പറഞ്ഞശേഷം രാത്രി തന്നെ തിരിച്ചുപോയി. പരുമല നിന്നും കാരിക്കോട്ടു മത്തിയൂസ് കത്തനാർ വരികയും വിശേഷങ്ങൾ പറഞ്ഞ് ഇവിടെ താമസിക്കുകയും ചെയ്തു. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്നു ഇവിടെ താമസിക്കുകയും ചെയ്തു.

6 വ്യാഴം. മാർ സോക്കേയുടെ ഓർമ്മപ്പെരുന്നാൾ ആയിരുന്നു. കാരിക്കോട്ടു മത്തിയൂസ് കത്തനാർ വി. കുർബ്ബാന നമസ്കാരത്തോടു കൂടി ചൊല്ലി. നാമും തേവോദോസ്യോസ് മെത്രാച്ചനും അതിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് മത്തിയൂസ് കത്തനാർ പരുമലയ്ക്കു പോയി. പത്തു മണി കഴിഞ്ഞ് മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നതിനാൽ ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ഇവിടെ അരമനയിൽ വന്നു കൂടി കാര്യങ്ങൾ ആലോചിച്ചു. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. റ്റി. എസ്. അബ്രഹാം കോറെപ്പിസ്കോപ്പാ, ഫീലിപ്പോസ് കത്തനാർ, മാനേജർ കത്തനാർ എന്നിവർ വരികയും മെത്രാച്ചന്മാരോടു കൂടി കാര്യങ്ങൾ ആലോചിച്ചു നാലു മണി കഴിഞ്ഞ് മടങ്ങിപോകുകയും ചെയ്തു.

പോൾ വർഗീസ് വരികയും എത്തിയോപ്യായിൽ പോകുന്ന കാര്യങ്ങളെക്കുറിച്ച് നമ്മെ അറിയിച്ച് അനുഗ്രഹം വാങ്ങിപ്പോയി. മൂന്നു മണിക്ക് തേവോദോസ്യോസ് മെത്രാച്ചൻ ബഥനി ആശ്രമത്തിലേക്കു പോയി. ഉമ്മൻ ശെമ്മാശന്റെ അപ്പൻ വരികയും ശെമ്മാശനു കത്തനാർ പട്ടം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് നമ്മെ അറിയിച്ചതനുസരിച്ച് 23-നു ഞായറാഴ്ച നാം ഇവിടെ വച്ച് കത്തനാർ പട്ടം കൊടുക്കാമെന്ന് പറഞ്ഞതനുസരിച്ച് അയാൾ പോകുകയും ചെയ്തു. നാലു മണിക്ക് മെത്രാച്ചന്മാർ ആലോചനകൾ കഴിഞ്ഞ് അവരുടെ ആസ്ഥാനങ്ങളിലേക്കു പോയി. മോടിശ്ശേരിയിൽ മത്തായി കത്തനാർ വരികയും തിരുവനന്തപുരം പള്ളി കാര്യങ്ങളെക്കുറിച്ചും മറ്റും നമ്മെ അറിയിച്ച് ഇവിടെ താമസിക്കുകയും ചെയ്തു. മേല്പാടത്തു നിന്നു മത്തായി കത്തനാർ വന്നു ഇവിടെ താമസിച്ചു. നമ്മുടെ കാലിൽ നീരും വേദനയും ഉണ്ടായിരുന്നതിനാൽ ഒരു കുഴമ്പ് ഉണ്ടാക്കി കാലിൽ പുരട്ടുകയുണ്ടായി.

7 വെള്ളി. ശരീരത്തിനു അല്പം ക്ഷീണം തോന്നുകയുണ്ടായി. ഡോ. ഈപ്പൻ തോമസ് വന്ന് നമ്മെ പരിശോധിച്ച് വേണ്ട മരുന്നുകൾ വാങ്ങി ഉപയോഗിക്കുകയുണ്ടായി. കൊച്ചുകൊച്ചും കൊച്ചുണ്ണൂണ്ണിയും കൂടി വന്നിരുന്നു. മൂലവട്ടത്ത് അബ്രഹാം കത്തനാർ സന്ധ്യയോടു കൂടി വന്നു താമസിക്കുകയുണ്ടായി. മത്തായി കത്തനാരും ഇവിടെയുണ്ടായിരുന്നു.

8 ശനി. വിശേഷങ്ങൾ ഒന്നുമില്ല. ഇന്ന് ആരോഗ്യം സുഖപ്രാപ്തമായിരുന്നു. അബ്രഹാം കത്തനാർ രാവിലെ മൂലവട്ടത്തിനു പോയി കുർബ്ബാന ചൊല്ലി തിരിച്ചുവന്നു. ഉച്ചകഴിഞ്ഞ് പള്ളം പള്ളിയിലേക്കു പോയി. യോഹന്നാൻ മല്പാൻ ഉച്ചയോടു കൂടി വരികയും ഇവിടെ താമസിക്കുകയും ചെയ്തു. കുറിച്ചിയിൽ നിന്നും ചാക്കോച്ചൻ വരികയും നാളെ ഉച്ചകഴിഞ്ഞ് നാം കല്ലാച്ചേരിയിലേക്കു വരുന്നുണ്ടെന്ന് പറഞ്ഞ് അയക്കുകയും ചെയ്തു.

9 ഞായർ. യോഹന്നാൻ മാംദാനയുടെ ഓർമ്മയുടെ ഞായറാഴ്ചയായിരുന്നു. കുർബ്ബാന ചൊല്ലാൻ തക്ക ആരോഗ്യ സ്ഥിതിയില്ലാതിരുന്നതിനാൽ മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന ചൊല്ലുകയും പ്രസംഗം പറകയും ചെയ്തു. നാം നമസ്കാരങ്ങളിലും കുർബ്ബാനയിലും മറ്റും സംബന്ധിച്ചു. ഒരു മണിക്ക് ഇവിടെ നിന്നും സുഖമില്ലാതെ കിടക്കുന്ന നമ്മുടെ അനുജൻ ജോണിനെ കാണ്മാൻ കുറിച്ചി പള്ളിയിൽ എത്തുകയും അവിടെ നിന്നും വള്ളത്തിലും നടന്നും കല്ലാശ്ശേരിയിൽ ചെന്ന് കൊച്ചുപാപ്പിയെ കണ്ട് തൈലാഭിഷേകം നടത്തി നാലു മണിക്കു അവിടെ നിന്നും തിരിച്ച് പള്ളിയിൽ വന്ന് കാപ്പി കുടി കഴിഞ്ഞ് അവിടെ നിന്നും തിരിച്ച് ആറു മണിക്ക് ദേവലോകം അരമനയിൽ വന്ന് സന്ധ്യാനമസ്കാരവും കഴിഞ്ഞ് ഇവിടെ വിശ്രമിച്ചു. മേല്പാടത്തു കാരൻ മത്തായി കത്തനാർ വന്ന് താമസിച്ചു.

10 തിങ്കൾ. മാർ ബഹനാൻ സഹദായുടെയും മറ്റും പെരുന്നാൾ ആയിരുന്നു. മത്തായി കത്തനാർ കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിച്ചു കാണുകയുണ്ടായി. തുമ്പമൺ സ്കൂളിൽ നിന്നും അദ്ധ്യാപകന്മാരും മറ്റും വന്ന് അവിടെ ഉണ്ടായ ബഹളത്തെപ്പറ്റിയും മറ്റും നമ്മെ അറിയിച്ചു പോയി. മാനേജർ കത്തനാർ വന്നിരുന്നു. കുന്നംകുളത്തു നിന്നും ചെമ്മണ്ണൂർ പത്രോസ് കത്തനാർ വരികയും ഇവിടെ നമ്മോടുകൂടി താമസിക്കുകയും ചെയ്തു.

11 ചൊവ്വ. സുഖമായി നാം ഇവിടെ താമസിച്ചു. മത്തായി കത്തനാർ ഇവിടെയുണ്ടായിരുന്നു. എം. വി. ജോർജ് കത്തനാരും മൂലവട്ടത്തു അബ്രഹാം കത്തനാരും വന്നിരുന്നു. നമ്മുടെ അനുജൻ ആശുപത്രിയിൽ വന്നു എന്ന് അറിഞ്ഞു.

12 ബുധൻ. കാലത്തു അനുജൻ കൊച്ചുപാപ്പിയുടെ വിവരങ്ങൾ അറിയുന്നതിന് സെക്രട്ടറി ഉമ്മൻ ശെമ്മാശനെ പറഞ്ഞയച്ചു. ഓപ്പറേഷനും കാൽ മുറിക്കേണ്ടി വരുമെന്നും അറിഞ്ഞതിനാൽ നാം ഉടനെ 9 മണിക്ക് ആശുപത്രിയിൽ ചെന്ന് കൊച്ചുപാപ്പിയെ കണ്ടു പ്രാർത്ഥിച്ച് തിരിച്ചു മടങ്ങി. ശെമ്മാശനെ പറഞ്ഞയച്ച് മുറിച്ചുകളഞ്ഞ കാലിന്റെ ഭാഗം ഏലിയാ ചാപ്പലിന്റെ ശവക്കോട്ടയിൽ കുഴിച്ചിടുവിച്ചു. ഉച്ചകഴിഞ്ഞു രണ്ടു മണിക്ക് നാം വീണ്ടും പോയി കൊച്ചുപാപ്പിയെ കണ്ടിട്ട് തിരിച്ച് അരമനയിൽ വന്ന് വിശ്രമിക്കുകയുണ്ടായി. യോഹന്നാൻ മല്പാൻ ഇവിടെ വന്നു താമസിച്ചു. മത്തായി കത്തനാരും ഇവിടെയുണ്ടായിരുന്നു.

13 വ്യാഴം. കാലത്ത് ഒമ്പതു മണിക്ക് നാം ആശുപത്രിയിൽ പോയി അനുജൻ പാപ്പിയുടെ സുഖക്കേടു വിവരങ്ങൾ അറിഞ്ഞു. ഉച്ചകഴിഞ്ഞ് വീണ്ടും നാം ആശുപത്രിയിൽ പോയി അന്വേഷിക്കുകയുണ്ടായി. കൊച്ചുപാപ്പിയുടെ മക്കൾ എല്ലാവരും അടുക്കൽ ഉണ്ടായിരിക്കുകയും അന്വേഷിക്കുകയും ചെയ്തു.

14 വെള്ളി. നാം കാലത്തു പത്തു മണിക്ക് ആശുപത്രിയിൽ പോയി കൊച്ചുപാപ്പിയുടെ വിവരങ്ങൾ അറിഞ്ഞ് ഇവിടെ അരമനയിൽ വന്നശേഷം വീണ്ടും ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ആശുപത്രിയിൽ പോയി കാണുകയുണ്ടായി. വേദനയ്ക്കും മറ്റും വളരെ കുറവുണ്ടായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു. സന്ധ്യയോടു കൂടി നമ്മെ ഇതുവരെയും ചികിത്സിച്ചുകൊണ്ടിരുന്ന ആശുപത്രിയിലെ ഡോക്ടർ കെ. റ്റി. മാത്യുവും കുടുംബവും വന്നു കണ്ടു യാത്ര ചോദിച്ചുപോയി. ഡോ. മാത്യു ഉപരിപഠനത്തിനായി ഇംഗ്ലണ്ടിൽ പോകുകയായിരുന്നു. നാം അനുഗ്രഹിച്ച് യാത്ര പറഞ്ഞു. സുഖമായിരുന്നു.

15 ശനി. കാപ്പിമേശ കഴിഞ്ഞ് നാം ആശുപത്രിയിൽ പോയി. കൊച്ചുപാപ്പിക്കു മരുന്നു കുത്തിവച്ച് ഉറങ്ങുകയായിരുന്നു. നാം കുറച്ചു സമയം അവിടെയിരുന്നു കണ്ട് വിവരങ്ങൾ അറിഞ്ഞ് മടങ്ങിപോരുകയും ചെയ്തു. നമ്മുടെ കൂടെ നിൽക്കുന്ന ഉമ്മൻ ശെമ്മാശന് അടുത്ത ദിവസം പട്ടം കൊടുക്കുന്നതിനായി വേണ്ട ഒരുക്കങ്ങൾ ചെയ്തു. കത്തനാർ പട്ടത്തിനു വേണ്ട ഉപദേശങ്ങൾ പറഞ്ഞുകൊടുത്തു. തുമ്പമൺ ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ വരികയും സ്കൂളിലെ വിവരങ്ങൾ പറഞ്ഞു പോകുകയും ചെയ്തു. യോഹന്നാൻ കത്തനാർ ഇവിടെ ഉണ്ടായിരുന്നു. മൂലവട്ടത്തു നിന്നു അബ്രഹാം കത്തനാരും പരുമല നിന്നും മോടിശ്ശേരിയിലെ പുന്നൂസ് ശെമ്മാശനും വന്നിരുന്നു.

16 ഞായർ. കാലത്ത് ഏഴു മണിക്ക് നാം കുർബ്ബാനയ്ക്കായി പള്ളിയിലേക്കു പോയി. നമസ്ക്കാരവും മറ്റും നടത്തി. കുർബ്ബാന നാം ചൊല്ലി. മല്പാൻ യോഹന്നാൻ കത്തനാരും നമ്മുടെ സഹായത്തിനായി കൂടെ ഉണ്ടായിരുന്നു. കുർബ്ബാനമദ്ധ്യേ കോടുകുളഞ്ഞിക്കാരൻ നമ്മുടെ കൂടെ നിൽക്കുന്ന ഉമ്മൻ ശെമ്മാശന് കത്തനാർ പട്ടം കൊടുത്തു. പതിനൊന്നര മണിക്കു എല്ലാ ശുശ്രൂഷകളും കഴിഞ്ഞ് പള്ളിയിൽ നിന്നും മുറിയിൽ വന്ന് കാപ്പി കഴിഞ്ഞ് വിശ്രമിച്ചു. ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് മൂന്നു മണിക്ക് നാം ആശുപത്രിയിൽ പോയി നമ്മുടെ അനുജൻ കൊച്ചുപാപ്പിയെ കണ്ട് സുഖക്കേട് വിവരങ്ങൾ അറിഞ്ഞ്

സുഖമായി കിടക്കുന്നതു കണ്ട് മടങ്ങിപ്പോന്നു. പള്ളിയിൽ ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. പട്ടംകൊട പ്രമാണിച്ച് ശെമ്മാശന്റെ വീട്ടുകാർ വന്നിരുന്നു. അഞ്ചു മണിക്ക് തുമ്പമണ്ണിൽ നിന്നും ചക്കിട്ടടത്തു ഗീവറുഗീസ് കത്തനാരും മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററും മറ്റും കൂടി വന്ന് സ്കൂൾ കാര്യങ്ങൾ അറിയിച്ചു മടങ്ങിപ്പോയി. സന്ധ്യാനമസ്കാരം കഴിഞ്ഞ് കഞ്ഞിക്കുഴി കവലയിൽ പണിതീർത്തിരിക്കുന്ന കുരിശുംതൊട്ടിയുടെ അകത്തു വയ്ക്കുവാനുള്ള പടങ്ങൾ കൂദാശ നടത്തി കത്തനാരന്മാരുടെ കൈയിൽ കൊടുത്തയച്ചു. അവർ ആ പടങ്ങൾ വച്ച് താൽക്കാലികമായ കൂദാശയും നടത്തി, തിരിച്ചുപോരുകയും ചെയ്തു. നാം സുഖമായി ഇവിടെ താമസിച്ചു.

17 തിങ്കൾ. കാലത്തു കാപ്പിമേശ കഴിഞ്ഞ് നാമും കത്തനാരന്മാരും കൂടി ആശുപത്രിയിൽ പോയി കൊച്ചുപാപ്പിയെ കണ്ടു സുഖക്കേടു വിവരങ്ങൾ അറിഞ്ഞ് 11 മണിക്കു തിരിച്ചു അരമനയിൽ വന്നു. മണലിൽ യാക്കോബ് കത്തനാരും മാനേജർ കത്തനാരും വന്നിരുന്നു. യോഹന്നാൻ കത്തനാരും ഉമ്മൻ കത്തനാരും മത്തായി കത്തനാരും ഇവിടെയുണ്ടായിരുന്നു.

18 ചൊവ്വ. മാർത്തോമ്മാ ശ്ലീഹായുടെ പെരുനാൾ ആയിരുന്നു. ഉമ്മൻ കത്തനാർ പുത്തൻ കുർബ്ബാന ചൊല്ലി. നാം മദ്ബഹായിൽ നിന്ന് കുർബ്ബാന കാണുകയുണ്ടായി. 10 മണി കഴിഞ്ഞ് നാമും മത്തായി കത്തനാരും കൂടി ആശുപത്രിയിൽ പോയി കൊച്ചുപാപ്പിയെ കണ്ട് സുഖക്കേടു വിവരങ്ങൾ അറിഞ്ഞ് വർത്തമാനങ്ങൾ പറഞ്ഞ് പതിനൊന്നര മണിക്കു തിരിച്ചു അരമനയിലേക്കു വന്നു വിശ്രമിച്ചു. സന്ധ്യാനമസ്കാരത്തിനു ശേഷം ഏഴു മണിക്ക് കഞ്ഞിക്കുഴിയിൽ പോയി പുതുതായി പണികഴിപ്പിച്ചിരിക്കുന്ന കുരിശുംതൊട്ടിയിൽ ലൈറ്റും മറ്റും കത്തിച്ച് ഭംഗി കണ്ട് മടങ്ങി അരമനയിൽ വന്നു വിശ്രമിച്ചു. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാരും വന്നു രാത്രി താമസിച്ചു. യോഹന്നാൻ കത്തനാരും ഉമ്മൻ കത്തനാരും മത്തായി കത്തനാരും ഇവിടെ അരമനയിൽ ഉണ്ടായിരുന്നു.

19 ബുധൻ. ഉമ്മൻ കത്തനാർ നമസ്കാരത്തോടു കൂടി കുർബ്ബാന ചൊല്ലി. നാമും അച്ചന്മാരും മദ്ബഹായിൽ നിന്നു കുർബ്ബാന കാണുകയുണ്ടായി. 10 മണി കഴിഞ്ഞ് നാം ആശുപത്രിയിൽ പോയി. കൊച്ചുപാപ്പിക്ക് വളരെ ആശ്വാസമുണ്ട്. പതിനൊന്നര മണിക്കു തിരിച്ച് നാം അരമനയിൽ വന്നു വിശ്രമിച്ചു. പരുമല നിന്നും കാരിക്കോട്ട് മാത്യൂസ് കത്തനാർ വന്നിരുന്നു. കവിയൂർ നിന്നും ഏലിയാസ് തോമസ് കോറെപ്പിസ്ക്കോപ്പാ വരികയും വിശേഷങ്ങൾ പറഞ്ഞ് 5 മണിക്കു മടങ്ങിപോകുകയും ചെയ്തു. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. യോഹന്നാൻ കത്തനാരും മത്തായി കത്തനാരും ഉമ്മൻ കത്തനാരും ഇവിടെ അരമനയിൽ താമസിക്കുന്നുണ്ടായിരുന്നു.

20 വ്യാഴം. നമസ്കാരത്തോടു കൂടി തന്നെ ഉമ്മൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം അഴിക്കകത്തു നിന്ന് കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനയ്ക്കു ശേഷം കാപ്പിമേശ കഴിഞ്ഞ് നമ്മുടെ അനുജൻ ആശുപത്രിയിൽ സുഖമില്ലാതെയിരുന്നതുകൊണ്ട് നാം അവിടെ പോയി അന്വേഷിക്കുകയും വിവരങ്ങൾ അറിഞ്ഞ് തിരിച്ചുപോരുകയും ചെയ്തു.

മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ, മാനേജർ കത്തനാർ എന്നിവരും ഉണ്ടായിരുന്നു. എല്ലാവരും കൂടി പല കാര്യങ്ങൾ ആലോചിച്ച് 5 മണിക്ക് തിരിച്ചുപോകുകയും ചെയ്തു. പീലക്സിനോസ് മെത്രാച്ചൻ വരുന്നതിന് നാം കല്പന അയച്ചു. കൊച്ചുപാപ്പിയുടെ സുഖക്കേട് വിവരങ്ങൾ അറിയുന്നതിന് ഉമ്മൻ കത്തനാരെ വീണ്ടും നാം ആശുപത്രിയിലേക്ക് അയച്ചു. അല്പം ക്ഷീണവും സംസാരശക്തി കുറഞ്ഞതായും നമ്മെ അറിയിച്ചു. മത്തായി കത്തനാരും യോഹന്നാൻ മല്പാനും ഇവിടെ താമസിക്കുന്നുണ്ടായിരുന്നു.

21 വെള്ളി. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ആയിരുന്നു. നമസ്കാരത്തോടു ചേർന്നു വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന നടത്തപ്പെട്ടു. നാം പ്രധാന ത്രോണോസിലും മത്തായി കത്തനാരും ഉമ്മൻ കത്തനാരും ഇരുവശങ്ങളിലും നിന്ന് കുർബ്ബാന ചൊല്ലി. 8 മണിക്ക് കുർബ്ബാന കഴിഞ്ഞ് വന്നു കാപ്പിമേശയും കഴിഞ്ഞ് അനുജൻ കൊച്ചുപാപ്പിയുടെ വിവരങ്ങൾ അറിയുന്നതിനായി നാം ആശുപത്രിയിൽ പോയി. അവന് വയറ് ഒഴിച്ചിലും ക്ഷീണകൂടുതലും ഉണ്ടായിരുന്നു. 11 മണിക്കു തിരിച്ചു നാം അരമനയിലെത്തി വിശ്രമിക്കുകയും ചെയ്തു. 12 മണിക്ക് പത്തനംതിട്ട നിന്നും പീലക്സിനോസ് മെത്രാച്ചൻ വന്നു. ഉച്ചനമസ്കാരവും മേശയും ഒന്നിച്ച് കഴിച്ചു. ഒന്നര മണിക്ക് അത്താനാസ്യോസ് മെത്രാച്ചനും വന്നു. മെത്രാച്ചന്മാർ തമ്മിൽ ചില കാര്യങ്ങൾ ആലോചിച്ചു. 3 മണിക്കു നാം വീണ്ടും ആശുപത്രിയിൽ പോയി കൊച്ചുപാപ്പിയുടെ സുഖക്കേടു വിവരങ്ങൾ അറിഞ്ഞ് മടങ്ങിപ്പോരുകയും ചെയ്തു. കുന്നക്കുരുടി നാരകത്തു കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളി നടത്തുന്നതിനായി പോയി.

22 ശനി. ഉമ്മൻ കത്തനാർ മാങ്ങാനം പള്ളിയിൽ കുർബ്ബാന ചൊല്ലുന്നതിനായി പോയി. കാപ്പിമേശ കഴിഞ്ഞ് നമ്മുടെ അനുജന്റെ സുഖക്കേട് അല്പം കൂടുതൽ എന്ന് അറിഞ്ഞതിനാൽ നാം ആശുപത്രിയിൽ പോയി അവന്റെ അടുക്കൽ ഇരുന്നു. 11 മണിക്ക് സുഖക്കേട് അത്യാസന്ന നിലയിൽ ആകുന്നതു കണ്ട് പഴയസെമിനാരിയിൽ വണ്ടി അയച്ച് മാനേജർ കത്തനാരെ വരുത്തി നാം കൂടെ ചേർന്നു തൈലാഭിഷേകം നടത്തി. അല്പസമയം കഴിഞ്ഞ് മരിക്കുകയും ചെയ്തു.

ഇന്ന് 12 മണി കഴിഞ്ഞ് ആശുപത്രിയിൽ വച്ച് കൊച്ചുപാപ്പി കർത്താവിൽ നിദ്രപ്രാപിച്ചു. നാം വളരെ സങ്കടപ്പെട്ടു എങ്കിലും തുടർന്ന് ഒരു തെശുമിശിത്താ നടത്തി ഒരു മണിക്കു നാം അരമനയിൽ മടങ്ങി ഉച്ചനമസ്കാരം നടത്തി മേശയും കഴിഞ്ഞ് രണ്ടു മണിക്കു വീണ്ടും ആശുപത്രിയിൽ പോയി ഒരുക്കി ഇട്ടിരുന്ന ശവം പെട്ടിയിൽ കുറിച്ചിയിലേക്കു കൊടുത്തയച്ചു. നാലു മണിക്കു നാം അരമനയിലേക്കു പോരുകയും ചെയ്തു. കത്തനാരന്മാരും നമ്മോടു കൂടി ഉണ്ടായിരുന്നു. അരമന പള്ളിയിൽ സന്ധ്യാനമസ്കാരം നടത്തി നാം ഇവിടെ വിശ്രമിച്ചു.

23 ഞായർ. ഉമ്മൻ കത്തനാർ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. നാം മദ്ബഹായിൽ ഇരുന്ന് കാണുകയും കേൾക്കുകയും സംബന്ധിക്കുകയും ചെയ്തു. 12 മണിക്കു ഉച്ചനമസ്കാരം കഴിഞ്ഞ ഉടനെ മേശ കഴിച്ച് പന്ത്രണ്ടരയ്ക്കു കുറിച്ചി പള്ളിയിൽ എത്തി. ഒരു മണിയോടു കൂടി പാറേട്ടു മെത്രാച്ചനും വന്നു. 2 മണിയോടു കൂടി കൊച്ചുപാപ്പിയുടെ മൃതശരീരം കുറിച്ചി പള്ളിയുടെ ശവക്കോട്ടയിൽ അടക്കം ചെയ്തു. ധാരാളം ആളുകളും പട്ടക്കാരും ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. 5 മണിയോടു കൂടി നാം തിരിച്ചു അരമനയിൽ എത്തിച്ചേർന്നു.

24 തിങ്കൾ. കാതോലിക്കേറ്റ് അരമന. കാലത്തെ നമസ്കാരശേഷം നാം കുറിച്ചി പള്ളിയിലേക്കു പോയി. അവിടെ കൊച്ചുപാപ്പി മരിച്ചതിന്റെ മൂന്നാം ദിവസം ആകയാൽ വി. കുർബ്ബാന ചൊല്ലി. അവന്റെ പെൺമക്കളും യോഹന്നാൻ കുട്ടിയും പത്രോസ് കുട്ടിയും ചാക്കോച്ചനും മറ്റും പള്ളിയിൽ വന്നിരുന്നു. കാപ്പിമേശ കഴിഞ്ഞ് 11 മണിയോടു കൂടി അരമനയിൽ തിരിച്ചെത്തി.

25 ചൊവ്വ. കാതോലിക്കേറ്റ് അരമന. വെളുപ്പിന് ഒന്നര മണിക്ക് എഴുന്നേറ്റ് ഒരുങ്ങി രണ്ടു മണിക്ക് പള്ളിയിൽ പ്രവേശിച്ച് രാത്രി പ്രാർത്ഥന ആരംഭിച്ചു. രാത്രി പ്രാർത്ഥനയ്ക്കുശേഷം യൽദായുടെ ശുശ്രൂഷകൾ നടത്തി. മല്പാൻ യോഹന്നാൻ കത്തനാരും ഉണ്ടായിരുന്നു. ശുശ്രൂഷയ്ക്കുശേഷം നാം വി. കുർബ്ബാന അർപ്പിക്കയും പ്രസംഗിക്കയും ചെയ്തു. 6 മണിയോടുകൂടി വി. കുർബ്ബാന കഴിഞ്ഞു.

മല്ലപ്പള്ളിയിൽ നിന്നും വട്ടശ്ശേരിൽ ഫീലിപ്പോസ് കത്തനാരും, ഡോക്ടർ പൗലോച്ചൻ തിരുവനന്തപുരത്തു നിന്നും വന്നിരുന്നു.

കോട്ടയം മാർ ഏലിയാ ചാപ്പലുകാർ ആണ്ടുതോറും നമുക്കു തരാറുള്ള ക്രിസ്തുമസ് സമ്മാനം 50 രൂപ ഇവിടെ കൊണ്ടുവന്നു തന്നു.

26 ബുധൻ. കാതോലിക്കേറ്റ് അരമന. ദൈവമാതാവിന്റെ പുകഴ്ചപെരുന്നാൾ പ്രമാണിച്ച് രാവിലെ മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. പെരുന്നാൾ ദിവസങ്ങളിൽ കഴിവുള്ളവരെല്ലാം പള്ളിയിൽ വന്ന് വി. കുർബ്ബാന കാണണമെന്നും മറ്റും നാം ഇന്നലെ നിർബന്ധമായി പള്ളിയിൽ പറയുകയാൽ ധാരാളം ആളുകൾ ഇന്നു പള്ളിയിൽ വന്ന് കുർബ്ബാനയിൽ സംബന്ധിച്ചു.

27 വ്യാഴം. കാതോലിക്കേറ്റ് അരമന. ശിശുവധ പെരുന്നാൾ പ്രമാണിച്ചു മല്പാൻ ഇന്നും വി. കുർബ്ബാന അർപ്പിച്ചു. കുറിച്ചിയിൽ നിന്നും പത്രോസുകുട്ടി വന്നിരുന്നു. കൊച്ചുപാപ്പിയുടെ മകൻ ജോൺ അനുതപിക്കുന്നതായും വിവാഹകൂദാശ പൂർത്തിയാക്കി മുടക്ക് തീർക്കുന്നതിന് അവന് അപേക്ഷ ഉണ്ടെന്നും മറ്റും പറഞ്ഞു. സത്യഅനുതാപമുണ്ടെങ്കിൽ അവനും ഭാര്യയും കൂടി ശനിയാഴ്ച ഇവിടെ വരുന്നതിന് നാം പറഞ്ഞയച്ചു. 11 മണിയോടു കൂടി മാനേജരച്ചൻ വന്നിരുന്നു. 31-ാം തീയതി സമുദായക്കേസ് വിധി ഉണ്ടാകുന്നതു സംബന്ധിച്ച് പലരും പല അഭിപ്രായങ്ങൾ പറയുന്നതായി പറഞ്ഞു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Life & Vision of Mar Gregorios; and its present-day relevance

Fr. Jacob Thomas

Introduction

Metropolitan Dr Paulos Mar Gregorios was a world-renowned scholar, theologian, philosopher, polyglot, futurologist and a man of letters. He was able to bring together different streams of knowledge under a single umbrella, which maybe none of his contemporaries or anyone even before him or after him could attempt. Such was the brilliance of that soul. Metropolitan brought in a holistic vision of the whole world and he strongly believed that everything in this world, be it be living or non-living, all co-existed as all this are creation of one creator – the Almighty God. He was also brilliant in inter-linking unrelated epistemologies like philosophy, economics, physics, education, political science, medicine and theology.

Biography

Born to parents Paily and Eli on August 9th, 1922 at Thripunithara, Kerala. After passing the Matriculation Examination in 1937, had his earlier stints as a journalist (1937-'42), employee in a transportation company, got employed in the Post & Telegraphs Department and then as Post Master (1942-'47). From there, he travelled to Ethiopia and there during his initial days, worked as a teacher in a government school (1947-'50), with his academic brilliance and intelligence, then Ethiopian Emperor Hailie Sellasi was impressed and he was appointed as the Special Secretary and Advisor to the Emperor. He had an exceptional educational qualification from Yale, Princeton and Oxford. On returning to Kerala, he was raised as a deacon in 1959 and in 1961 was ordained as a priest of the Malankara Orthodox Church. During the years from 1962-1967, he served as the Associate General Secretary of the World Council of Churches (WCC). Also, led the prestigious delegate group of the WCC to Soviet Union (1962) and to the UNESCO (1967). In 1975, Fr Paul Varghese was elevated as bishop with the title 'Paulos Mar Gregorios' and took charge of the Delhi Diocese in July 1975 itself. Metropolitan served as the Principal of the Old Seminary, Kottayam from 1976-1996. Metropolitan also decorated the position of one of the Presidents of WCC and also led the Indian Philosophical Congress. Metropolitan travelled worldwide with the message of love and peace. He had an unusual intellectual courage to explore new horizons of human thinking and he was all-willing to pass on his knowledge to the young minds of the world. Mar Gregorios bagged many prestigious world known awards during his lifetime – Soviet Land Nehru Award, Otto Nuschke Prize for Peace (Germany) and many more. Received the Doctorate in Theology for his doctoral studies on Gregory of Nyssa from the Senate of Serampore in 1975. Along with it, received Honorary Doctorates from Leningrad Theological Academy (Russia), Budapest Lutheran Theological Academy (Hungary) and Jan Hus Faculty (Czechoslovakia).

Mar Gregorios was the author of more than 50 books and many more scholarly articles: *The Joy of Freedom, The Cosmic Man, The Human Presence, Enlightenment East and West, A Light Too Bright* and the autobiography *Love's Freedom: The Grand Mystery* are some of the prominent works. Hundreds of articles and works were published in leading newspapers and international magazines.



Views of Dr Paulos Mar Gregorios

Dr Paulos Mar Gregorios' distinguished career as a churchman and scholar is marked by an abiding passion for justice between nations, an openness to dialogue with people of different faiths and intellectual commitments, and a deep encounter with technological civilization. The culmination of these concerns results in his search for exploration of the very foundations of human existence.

The main topic of concern and discussion for Mar Gregorios, like as that of everyone was the 'Identity of Man'. Man throughout the history

was in constant search of his own identity, "Who Am I?", "What is my identity?". Self-knowledge was the quest of the man for the past centuries and it will go as long as man exist on this planet. Only from this knowledge, man can understand his real essence, and character is what defines the man outwardly. And this search is the backbone of man's philosophy.

When we look into the Bible for understanding man, there we come across many ideas that shape our thinking of man. Man is the creation of God, he was the supreme creation of God, he is the caretaker of all other creations, and he is the one who names the other creations. But with this limited knowledge of man, we will not be able to move forward with the search of real essence of man. Then, there is the great opportunity of knowing the truth, that man is created in the image and likeness of God.

Dr Paulos Mar Gregorios was an ardent follower of the teachings and thinking of St Gregory of Nyssa. His doctoral thesis was *'The Cosmic Man: The Divine Presence'*, this book is the first systematic and comprehensive attempt in understanding St. Gregory of Nyssa (CE 322-398), he was one of the profound Greek philosophers of the Christian era, an incomparable mystic and poet. The book traces the main tenets of Gregory's understanding of the three fundamental realities in their mutual relationship: God, humanity, and the created order. Metropolitan's contributions and discussions were not just a matter of concern for theologians or academicians, but it was for all humanity. His concerns were broader and more audacious. He seeks, through his study of Gregory of Nyssa, to engage our technological civilization in an argument concerning underlying assumptions about humanity. Facing the technological civilization of our time, he writes that it would not be enough for us to just speak about the mystic experiences and secular humanism that which ignores the source of the being of the humanity on this universe. Thus, he challenges our technological civilization to reconsider the ontological questions we have ignored. He wants the present scientists, humanists, modern men and women to have a constant search of the basic question of all humanity: what is the relation between man and his source of being, that is his creator. Here Gregory of Nyssa is his guide, and, according to Metropolitan Mar Gregorios, he could be ours as well. Paulos Mar Gregorios leads us through the details of insights of Gregory of Nyssa, he is seeking to lead us into the divine presence in our cosmic humanity.

Let us look into various arenas of life, where Dr Paulos Mar Gregorios opened up his understandings and viewpoints on the topic:

1. Sufferings of the world

The topic was discussed in his autobiography *'Love's Freedom the Grand Mystery'*. The sufferings are present everywhere, and it varies according to the approach of the person towards that suffering. Here, Metropolitan discusses this topic in the light of his own suffering. People find suffering as some sort of punishment and as it is humanly, they wish to get rid of the pains of the suffering. Some of them use it as a means of achieving sympathy from others, while another rest of them pretend to be suffering even if they really do not have any suffering as such. Mar Gregorios suggests some of the causes of suffering in the world:

· Sufferings which are voluntarily accepted, like that in the strict asceticism, or sacrificing one's happiness for the sake of others, like that is done by the parents for their children as part of their affection towards their kids.

· Sufferings that affect one's life by others, it can be either by mistake or intension or by sheer ignorance.

· Sufferings that can be caused from the physical and social environment, which was caused by our previous generations because of their lack of care towards nature and its resources.

· Suffering that can be caused by the lack and want of love and care.

· Compassion towards a person on his suffering can induce suffering. For such persons, seeing or hearing a person is suffering will create a sort of empathy towards and gradually that suffering becomes the suffering of one self.

· Sufferings that happen because of one's own foolishness.

· Sufferings that occur because of the natural calamities like flood, earthquake, drought, etc, also, it can be of man-made accidents or disasters.

· Sufferings that is due to the stress and strains of the world, it can be from the workspace, home, unhappy marriage life, etc.

· Sufferings can be induced because of feelings like anxiety, boredom, and sense of guilt.

· Sufferings due to the social structures of the society, like it can be from any bodies of legislation or authority.

Mar Gregorios then goes on to explain the concept of suffering in different ideologies and religion. *Apatheia* (non-suffering) was one of the great virtues of the Greeks. Stoics are the ones who clearly dealt with the concept of suffering. For them a life without suffering is a life full of happiness and freedom. They even attributed the concept of non-suffering to God, because God cannot suffer, as He is beyond all sufferings. So, the need of the Greek people was to achieve such a life where there is no suffering, this denotes a life free from all feelings and remains unaffected by all that happens around. Epictetus, one of the last great Stoic says that, our happiness should not depend on any of the things that which we cannot control. It should all depend on our own self and will. Thus, suffering will have no power over us.

In Buddhism, our whole life is to come out of the suffering and attain *nirvana* (Enlightenment). Suffering includes all the negative aspects of life like sorrow, distrust, worries, stress, tension, etc. But all these conditions remain as the human conditions on this world. They teach that these sufferings are born in a person because of his desire. Once desire is removed from life, there will be cessation of suffering and then the person attains enlightenment.

Christianity looks upon the matter of suffering on a different point of view. In Christianity, no such steps would be taken to resolve the issues of suffering. Rather, encourages the person to face the suffering with a positive spirit, and to use it in such a way that it can be used to nurture our self-discipline and compassion. Here, Christ also teaches to be empathetic rather than just being sympathetic. When a person can understand the pain of suffering of another person, he will then not be able to harm him. Suffering is the way of love, but it should apply on to it. Otherwise, suffering can be a reason for hate and despair.

Mar Gregorios gives a detailed explanation for the suffering of God according to the Orthodox theology. God who is free from all sufferings, took a decision on His own freewill to become man, and to be part of all his sufferings. Through His death and resurrection, He showed us man can come out of the sufferings of the human world and can attain eternal life. According to Christian doctrines, suffering is the prime reason for the existence of the world. On this, Mar Gregorios calls it as a 'Grand Mystery'. So, for a Christian, he should have a sense of hope and he should rise above suffering, for it is not easy to remove suffering from the world.

2. Influence of the European Enlightenment

Dr Paulos Mar Gregorios had a clear idea of a new civilization that would rise up in the twenty first century, which he mentioned in the book *'Religion and Dialogue'*. The European Enlightenment sprouted out as a plant in the eighteenth century, and now it has grown to be a big tree with lots of branches. He is of high appreciation of the change in the understanding after the Enlightenment. He is of the opinion that if the European Enlightenment had not happened, the world would have shattered to different pieces because of thorough ignorance and understanding of the resources. Because of this modern science and technology developed, systems of education, medicine, transport, etc. He along with his appreciation for the developments, also points out the main drawback of the system. When we are able to see a part of the reality, on the other hand, the rest of the reality is blocked. For this, he has coined the famous phrase, 'Light that is too bright.'

The entire European Enlightenment is set on the basis of secularism. For Mar Gregorios secularism is "An ideology which believes that the world opens to our senses and our instruments is the only world that exists, and that meaning has to be found in that universe without reference to anything outside of or transcending our field of sense-perception and our rational mind". According to Mar Gregorios, the first manifestation of the European Enlightenment was the French Revolution which publicly renounced God and Religion. In the present times, two prevailing manifestations are the western liberal Humanism-Secularism and the western Marxism-Socialism. Both streams of ideologies find science as the way to know the truth and reject the importance of religion. For them, they say "In science, we trust", and regards religion as something that existed before the emergence of science and it is out-dated.

Modern science has its roots from the Empirical Aristotelianism of Bacon and the logical Platonism of Descartes, and it has taken over the authority of religion and philosophy. And according to Mar Gregorios, world is now unknown of the truth and the people are now staying in darkness of hatred and disharmony.

Then, Metropolitan compares the European Enlightenment with the Buddhist Enlightenment. The concept of enlightenment is the central theme of the Buddhist religion. 'Buddha' is the enlightened one. For them, Enlightenment is the state of being and consciousness. In many ways, both of them share common thinking ideologies, but differ in very crucial matters also. Both of the enlightenment was the after effect of the rising Brahminism in India and Christianity in Europe. Both of them questions the authority of scriptures and encourages the human beings to develop their self from the knowing of the absolute truth. They commonly share the idea of 'No God', as both were developed from the socio-economic changes.

The difference between the European Enlightenment and Buddhist Enlightenment is when it matters with the suffering of human, for Buddhism suffering and desires are reduced by generating a sense of co-being, compassion, and friendship for all reality, but with the Europeans they give the knowledge derived power over the object and impels the desire to possess, manipulate and dominate. Buddhist Enlightenment transcends the vision of the Whole, while other rely on the senses and the conceptual thought for its vision.

Further, Mar Gregorios puts in forward the need of a New Enlightenment. It should be developed from taking the best aspects of both European Enlightenment and Buddhist Enlightenment, avoiding the rest of the harmful aspects. He wants it to be a mass movement having widespread acceptance from all over the world. The New Enlightenment will be based on a three-in-one perception of reality:

The transcendent un-manifest reality, the Supreme God concept.

The manifest reality (world/universe)

The human entity which participates in the above two realities, with the mediatorial task of manifesting the un-manifest in the universe, and leading the universe to the un-manifest.

In this perception of reality, here the universe is the body of the humanity, and so we have sole responsibility to take care of the universe same as that of our own body.

Metropolitan suggests the changes that will happen in the different aspects of the human life:

· **Politics & Religion:** In the case of the New Enlightenment, the state will not be a sovereign power. It becomes part of a global community. There will be right relation of religion and state, there would not be separation. The multiplicity of religions can be addressed in such a way that the policy of democratic pluralism will be addressed. The religions will now play a major role in the state. The religion will take responsibility in serving the society in both moral and spiritual creatively. Everyone will be seen without any discrimination or as foreigners or aliens, everyone will have a sense of bonding. In politics also, the opportunists who are looking forward for getting the position will not be encouraged, but sages, for men and women of wisdom and maturity.

· **Education:** The purpose of education system in the society is not to acquire economic growth, but it is for constant search of meaning and truth.

· **Healing:** Diagnosis was not just to detect the illness/defects of the body. Therapies has become more human and spiritually perfect to the transcendent and to the society.

· **Economics:** The shift from commodities, to the right relations of knowledge, to humans among themselves, to the environment and to the transcendent.

3. Need of a *New Worldview*

In the book *'The Human Presence',* he classifies the existential problems faced by humanity into three groups:

· The still existing poverty of the world is due to the economic injustice of unequal distribution and exploitation. The nations failed in producing essential goods for them and also failed in distributing it equally. And thus, this is also the reason for the fights and wars among people and nations, as they fight to acquire the resources.

· A sense of meaninglessness and boredom among the affluent raising fundamental questions about the values of the consumer society and the civilization based on it.

· The development in the field of science and technology leads to many challenges to human existence such as resource depletion, pollution, possibility of nuclear war and possible misuse of artificial gene mutation.

Mar Gregorios wants to clear the vision of the whole humanity and everyone should have a new worldview. The humanity should be well aware of their position in regard to the world and to the church. Here, he uses the worldview of the ancient fathers of the fourth century, in this book he uses more of the viewpoint of St Gregory of Nyssa.

The Origin of the Current worldview

In the classical worldview, it follows a three-tier system with beginning with God, Humanity and World. At the lowest level is the World or nature, which is because it is constituted in such a way. Then above it is the Humanity, which is creating culture and history through its actions. Finally, is God which is on the top position, as it is the super-nature, grace and revelation. He says that today it is viewed that relationship between these three tiers stay separate and distinct. That is cause for the all the exploitation happening in the world. Rather, they should perform integral part of one system itself. Such mindset has led to our recent thoughtless exploitation of natural resources and to our unhealthy competition for the resources amassing weapons of mass destruction.

This sort of an alienated worldview can be considered that it might have started with Augustine and in Thomas Aquinas. In the 17th century, a system of "scientific" two-tiered system where man began to manipulate the nature came into effect. It became more of an objectified nature-mechanistic and materialistic, where the power of super-nature was fully eliminated.

There were two major attempts to develop an alternative worldview. One, is the process theology which was based on a philosophical thought of A. N. Whitehead and the other was developed by Teilhard de Chardin. Both of them tried to rectify the defects in the classical worldview and presents a much better worldview.

Viewpoint of Gregory of Nyssa

The best alternative for the classical worldview can be found in the writings of Eastern Orthodox fathers, especially in the writings of Gregory of Nyssa. Gregory was very well familiar of the Classical Greek views such as that of the Platonic and Stoics. Gregory came in contact with the Platonism through Plotinus, later known as neo-Platonist. The Stoics considered the world as a living being with God as its soul. Plato saw our visible, changing world as a living being with God as its soul. On the other side, Plato saw our visible, changing world as an expression of the invisible, changeless world. Gregory gathered useful insights from both of the views, but he did not accept them as such. He added Christian insights into the existing views of the world.

Unlike the western perspective, Gregory saw everything as part of a larger system. The created existence is dependent on and lives within the uncreated existence. Humanity, like a fruit to a plant, is a vital aspect of the created existence. The visible image of the invisible God is humanity, along with the rest of the world. According to this viewpoint, God's glory must be manifested in the world, particularly in humans. This viewpoint differs from the Western viewpoint that humanity's greatness is incompatible with God's glory.

The Adamic sin of refusing our mediation role between God and nature is mastery of nature for oneself. Nature's mastery must be enshrined in the mystery of worship. We lose both mastery and mystery if we don't. In Eucharistic self-offering, we might offer nature as our extended body to the loving God. The mystery of the Cross is this. In self-denying love, Christ committed Himself, together with humanity and nature, and thereby saved humanity and nature.

This tradition was then continued over by Dionysius the Areopagite, Maximus the Confessor and Vladimir Solovyov.

The Need of Addressing Ethical Questions Anew

Mar Gregorios is of the opinion that good should be identified from what is not good, also we should have a knowledge of the reason of we doing good. Examination and evaluation of the worldviews is the primary task of the Ontology or Metaphysics.

The ethical rules of the present-day is very much individualistic. Even most of the Human Rights acts and bills are just considering only the rights and freedom of the individuals, and that of the society is left behind. Even education system of this generation is for the upliftment of the individual and not of the society. Such thinking is the product of the Western liberalism, where the individual humans have more powers and they are found exploiting nature. Better ethical guidelines should be developed based on better worldviews.

The power holders in the present system are not willing to bring in any change, because it can affect their privileged position. According to Mar Gregorios, charity is being institutionalised, so that the power holders try to stage such acts of charity, which they help the poor while keeping them in poverty. Often churches also become instruments of such exploitation.

A new view of life can be only developed by those who are living as community, because those staying alone and separately cannot address the problems of a large group of people. When people stay together for a few years, they become more mature, capable, and charismatic who should be from diverse nationalities, religious, and cultural backgrounds.

They must conduct serious research into the problems that face humanity, embody a new spirituality that is transparent to the transcendent and to one another, develop a life style that is simple and spontaneous, and participate fully in the life and struggles of the community in which they live.

4. Views on the Medical & Health Care System

Dr. Paulos Mar Gregorios was an outspoken supporter of holistic medicine. It was obvious in his activities, particularly the organisation of an International Seminar on "Medical Anthropology and Alternative Systems of Healing" in Surajkund in February 1995. Later, he published a book on the conference, which included four of his pieces on various elements of holistic health. These articles provide useful information and insights into the issue, allowing the reader to appreciate the importance of holistic medicine in today's environment. Dr. Paulos Mar Gregorios once wrote, "The traditional systems of healing far too long marginalized or totally neglected need to be more than just retrieved. In their present stage they offer but limited hope; they need to be reconstructed and re-activated in order that they may meet the true needs of humanity."

Ayurveda's importance and significance as a comprehensive science of healing has been recognised both within and outside India. The extent and depth of Ayurveda in dealing with a wide range of human illnesses in their entirety of origin and symptoms has captivated many renowned western specialists. They were taken aback when they discovered that it focused on the onset of diseases rather than the symptoms. In this way, Ayurveda is

a forerunner in preventive medicine. Dr. G. E. Clarke of Philadelphia wrote more than seven decades back, "If the physicians of the present-day world drop from the pharmacopoeia all the modern drugs and chemicals, and treat their patients according to the methods of Charaka, there would be less work for the undertakers and fewer chronic invalids in the world." Indian Medical Gazette also wrote seven decades back, "Old Ayurveda…modernized and rejuvenated …will not only be the national medicine of India, but will play no small part in the uplift of the international medical system of the world."

The field of Ayurveda medicine lack a thorough study due to the absence of proper and regular research and development. Mahatma Gandhi in the early 1920's itself had this fate of this stream in his mind, "The condition of indigenous medicine is truly deplorable. Not having kept abreast of modern research, their profession has fallen largely into disrepute."

Efforts have been undertaken to restore Ayurveda to its former glory. Dr. Paulos Mar Gregorios' passion to holistic medicine was marked by his efforts to reinvigorate the ancient system and adapt it to our current lives and challenges. In the light of his understanding, he had said that, "We need to rediscover and create the wisdom of the Ancients, in all our cultures; we need to grasp it and make it relevant to our time and our situation."

A horrific issue of drug sickness developing from side effects of allopathic medicines is emerging as a menace to humanity all over the planet. Antibiotic overuse and a narrow focus on therapeutic aspects have resulted in a loss of immunity and microbial resistance to new generation medications. This has sounded the alarm all throughout the world. In this perilous circumstance, humanity is increasingly turning to traditional remedies as a remedy for good health.

Dr. Paulos Mar Gregorios had once said that, "Pharmacology is not to be abandoned, it is to be recognized as only one element in the healing process. Equally important are life and consciousness as well as the relations of the body-mind … to the whole of reality … It is towards such a holistic healing ministry that both medical personnel and the public should now devote most of their interests."


"Prayer is communion and communication with God - pening ourselves to Him and receiving His love."
"പ്രാർത്ഥന എന്നാൽ ദൈവവുമായുള്ള കൂട്ടായ്മയും ആശയവിനിമയവുമാണ് - നമ്മെത്തന്നെ അവനിലേക്ക് താഴ്ത്തിക്കൊടുക്കയും അവന്റെ സ്നേഹം സ്വീകരിക്കുകയും ചെയ്യുക."

Our medical system should move away from a mechanical perspective and toward a holistic one. Fortunately, from the mid-twentieth century onwards, a new worldview began to emerge, owing primarily to advances in physics and biology. It's also known as an organic or ecological viewpoint. In this perspective, the world is no longer a machine but a living person. The world is no more a collection of disconnected parts, but rather an integrated whole linked by a network of interconnections. We can no longer monitor and govern the world since we have become one with it. From the standpoint of certainty and probability.

All that exists is one integrated whole, yet we can divide it into four tiers for ease of understanding. Paulos Mar Gregorios concisely summarises the four-level world as follows:

· At the most fundamental level, we have inorganic matter-energy, which consists of bundles and packets of energy expressing themselves in a variety of forms, including the elements, their compounds, and things made of them, forces such as light and sound, heat and electricity, magnetism and gravity, and the strong and weak forces that hold matter together or cause forms of matter-energy to interact, including nuclear power.

· The organic or bio level runs parallel to the inorganic level. We use the term "continuous" because the distinction between a crystal or radioactive element on the one hand and a protein molecule or virus on the other isn't always evident. However, we consider homeostasis as the distinguishing feature of life, or the ability to maintain certain internal constants in the face of a wide range of external forces, such as keeping a steady body temperature despite outside temperature swings. Our understanding of this level is very inadequate. We've seen how much of a difference a little knowledge of genes and their structure can make in our lives.

The third level of consciousness runs parallel to the biological level. An internal apprehension of external reality can be defined as consciousness. Objectively studying or conceptualising consciousness is challenging. When we make consciousness an object, we deform it.

The cosmic or transcendent level is the fourth level. This is the level that modern science knows the least about or even accepts. Pseudosciences such as astrology have been used to try to understand how the four levels interact. Carl Gustav Jung proposed synchronicity as a scientific principle that demonstrates how, at any given time, the micro reflects the macro. Science is less capable of dealing with this level than art, poetry, and religion.

At the first three stages, sickness might be viewed as a malfunction. However, most medical and surgical treatment nowadays focuses solely on the first and second levels. Today, we're working on incorporating the third level into diagnostics.

We require a new medical system that views matter, life, and awareness as one continuous entity. It implies that pharmacology should be seen as a single component of the healing process. The healing power of a caring community must be recognised. The healing power of a caring community must be recognised. Faith-based healing must be prioritised. The human environment must be life-supporting, and society must be reformed to make social ties comprehensive. Medical professionals must shed their techie image and transform into warm human beings. They can transmit confidence, warmth, support, and understanding with a kind touch. When a healer prays for the well-being of a patient, healing energies transfer through the touch.

(To be continued)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

മയഖ

സിസ്റ്റർ മേരി OSM

(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

കുടുംബങ്ങളുടെയും രാജ്യങ്ങളുടെയും വിശ്വാസത്തിന്റെയും ദിശയെ സ്വാധീനിച്ച നിരവധി സ്ത്രീകളുടെ ജീവിതം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചിലർ വിശ്വസ്തതയ്ക്ക് പേരുകേട്ടവരാണ്, മറ്റു ചിലർ അഹങ്കാരത്തിന്റെയോ വിഗ്രഹാരാധനയുടെയോ അപകടങ്ങളെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. 2 ദിനവൃത്താന്തം 11:20-22 ലും 15:16 ലും പരാമർശിച്ചിരിക്കുന്ന അബ്ശാലോമിന്റെ മകൾ മയഖയാണ് അത്തരമൊരു സ്ത്രീ.

വിഭജിക്കപ്പെട്ട രാജ്യത്തിന്റെ കാലത്ത്, ശലോമോന്റെ മകനായ രെഹബെയാം രാജാവിന്റെ ഭാര്യയും, യഹൂദയിലെ രാജാവായ അബീയാമിന്റെ (അബിയാം) അമ്മയുമായിരുന്നു മയഖ. ഹ്രസ്വമാണെങ്കിലും, അവളേക്കുറിച്ചുള്ള പരാമർശം, ഒരു വ്യക്തിയുടെ സ്വഭാവവും സ്വാധീനവും അവരുടെ കുടുംബത്തെ മാത്രമല്ല, ഒരു ജനതയുടെ ആത്മീയ ദിശാബോധത്തെയും എങ്ങനെ ബാധിക്കുമെന്ന് നമുക്ക് കാണിച്ചു തരുന്നു.

അവളുടെ ജീവിതത്തിലൂടെ, രാജകീയ അഭിമാനത്തിന്റെയും ശക്തമായ സ്വാധീനത്തിന്റെയും ദൈവീക ശിക്ഷണത്തിൻ കീഴിലുള്ള പരിവർത്തനത്തിന്റെയും അനുഭവം നാം കാണുന്നു. വലിയ അധികാരവും പദവിയുമുള്ളവർ പോലും ദൈവത്തിന്റെ തിരുത്തലിന് അതീതരല്ലെന്ന് മയഖയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവളുടെ ജീവിതം അഹങ്കാരത്തിൽ നിന്നും സ്വാധീനത്തിൽ നിന്നും ദൈവീക ന്യായവിധിക്ക് കീഴിൽ വിനയത്തിലേക്ക് മാറി, ദൈവത്തിന്റെ അധികാരം ഏതൊരു മനുഷ്യ സ്ഥാനത്തേക്കാളും വലുതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

1. അവളുടെ രാജകീയ പാരമ്പര്യവും പശ്ചാത്തലവും

മയഖ ഒരു രാജകീയ വംശത്തിൽ നിന്നാണ് വന്നത്. ദാവീദ് രാജാവിന്റെ പ്രശസ്ത മകനായ അബ്ശാലോമിന്റെ മകളായിരുന്നു അവൾ എന്ന് ബൈബിൾ പറയുന്നു (2 ദിനവൃത്താന്തം 11:20). ചില ഭാഗങ്ങളിൽ, അവളെ അബ്ശാലോമിന്റെ ചെറുമകൾ എന്ന് വിളിക്കുന്നു, കാരണം അവളുടെ പിതാവ് ഗിബെയയിലെ ഊരിയേൽ ആയിരുന്നിരിക്കാം (2 ദിനവൃത്താന്തം 13:2). എന്തായാലും, അവൾ ദാവീദ് രാജാവിന്റെ പിൻഗാമിയായിരുന്നു, ഇത് യഹൂദയിലെ രാജകുടുംബത്തിൽ അവൾക്ക് ഒരു ബഹുമാനവും അധികാരവും നൽകി.

അവളുടെ രാജകീയ പശ്ചാത്തലം, അവൾ ശക്തി, സൗന്ദര്യം, അഭിലാഷം എന്നിവയാൽ ചുറ്റപ്പെട്ടവളായി വളർന്നു എന്നതിന്റെ തെളിവു കൂടിയാണ്. അവളുടെ പൂർവ്വികനായ അബ്ശാലോം തന്റെ സൗന്ദര്യത്തിനും, ആകർഷണീയതയ്ക്കും, നിയന്ത്രണത്തിനായുള്ള ആഗ്രഹത്തിനും പേരു കേട്ടവനായിരുന്നു. അതുകൊണ്ടുതന്നെ ആത്മവിശ്വാസം, ശക്തമായ ഇച്ഛാശക്തി, സ്വാധീനമുള്ള വ്യക്തിത്വം എന്നീ ഗുണങ്ങളിൽ ചിലത് മയഖയ്ക്ക് പാരമ്പര്യമായി ലഭിച്ചിരിക്കാം.

2. രെഹബെയാമിന്റെ ഭാര്യയായി മയഖ

ശലോമോന്റെ മകനായ രെഹബെയാം രാജാവായപ്പോൾ, അവൻ തന്റെ പിതാവിന്റെ ആചാരം പിന്തുടർന്ന് നിരവധി ഭാര്യമാരെ സ്വീകരിച്ചു. ബൈബിൾ പറയുന്നു,'രെഹബെയാം തന്റെ സകല ഭാര്യമാരിലും വെപ്പാട്ടികളിലും വച്ച് അബ്ശാലോമിന്റെ മകളായ മയഖയെ അധികം സ്നേഹിച്ചു' (2 ദിനവൃത്താന്തം 11:21). രാജാവിന്റെ ഹൃദയത്തിൽ വാത്സല്യത്തിന്റെയും പ്രാധാന്യത്തിന്റെയും ഒരു പ്രത്യേക സ്ഥാനം മയഖയ്ക്ക് ഉണ്ടായിരുന്നുവെന്ന് ഈ പ്രസ്താവന കാണിക്കുന്നു. പതിനെട്ട് ഭാര്യമാരിലും അറുപത് വെപ്പാട്ടികളിലും, അവൾ ഏറ്റവും പ്രിയങ്കരിയായിരുന്നു.

അവളുടെ സൗന്ദര്യം, ബുദ്ധിശക്തി, രാജകീയ വംശം എന്നിവ അവളെ മറ്റുള്ളവരിൽ നിന്ന് വേറിട്ടു നിർത്താൻ കാരണമായി. രെഹബെയാമിന് അവളോടുള്ള സ്നേഹം രാജകീയ തീരുമാനങ്ങളിൽ, പ്രത്യേകിച്ച് പിന്തുടർച്ചയുമായി ബന്ധപ്പെട്ടവയിൽ, അവൾ സ്വാധീനം ചെലുത്തി. രെഹബെയാം തന്റെ മകനായ അബീയയെ കിരീടാവകാശിയായി നിയമിക്കുകയും അവനെ രാജാവാക്കാൻ ഉദ്ദേശിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (2 ദിനവൃത്താന്തം 11:22). തന്റെ മകൻ തന്റെ പിതാവിനുശേഷം ഭരിക്കുന്നത് കാണാൻ അവൾ ആഗ്രഹിച്ചതിനാൽ, ഈ തീരുമാനം മയഖയുടെ സ്വാധീനത്തിൽ നിന്നായിരിക്കാം ഉണ്ടായത്. ഇത് മയഖയുടെ അഭിലാഷവും പ്രേരണാ സ്വഭാവവും കാണിക്കുന്നു. എതിരാളികളായ ഭാര്യമാരും അവരുടെ കുട്ടികളും നിറഞ്ഞ ഒരു കൊട്ടാരത്തിൽ പോലും, തന്റെ മകന്റെ ഭാവി സുരക്ഷിതമാക്കാനുള്ള ജ്ഞാനവും ദൃഢനിശ്ചയവും അവൾക്കുണ്ടായിരുന്നു. അവൾ നിഷ്ക്രിയയല്ല, മറിച്ച് തന്റെ സ്ഥാനവും മകന്റെ വിധിയും സംരക്ഷിക്കുന്നതിൽ സജീവവും തന്ത്രപരവുമായിരുന്നു.

3. രാജ്ഞി മാതാവ് എന്ന നിലയിൽ അവളുടെ സ്വാധീനം

രെഹബെയാമിന്റെ മരണശേഷം, മയഖയുടെ മകൻ അബീയാം രാജാവായി. അവന്റെ അമ്മ എന്ന നിലയിൽ, 'രാജ്ഞി' എന്ന ശക്തമായ സ്ഥാനം അവർ വഹിച്ചു. ഇസ്രായേലിലും യഹൂദയിലും രാജ്ഞിക്ക് ഒരു പ്രധാന രാഷ്ട്രീയവും സാമൂഹികവുമായ പങ്കുണ്ട്. ഒരു ഉപദേഷ്ടാവായും, സ്ഥിരതയുടെ പ്രതീകമായും, രാജ്യത്തിന്റെ ആത്മീയ ദിശയിൽ പലപ്പോഴും ശക്തമായ സ്വാധീനമായും അവർ ബഹുമാനിക്കപ്പെട്ടിരുന്നു.

തന്റെ ചെറുമകൻ ആസ രാജാവിന്റെ ഭരണകാലത്തും, കുറഞ്ഞത് ഒരു കാലത്തേക്കെങ്കിലും മയഖ ഈ സ്ഥാനം തുടർന്നു. രണ്ട് തലമുറകളെ സ്വാധീനിക്കുന്ന, ശക്തമായ അധികാരവും നിലനിൽക്കുന്ന ബഹുമാനവുമുള്ള ഒരു സ്ത്രീയായിരുന്നു അവൾ എന്ന് അവളുടെ ദീർഘകാല സ്ഥാനം കാണിക്കുന്നു. എന്നിരുന്നാലും, മയഖ തന്റെ സ്വാധീനം തെറ്റായ രീതിയിൽ ഉപയോഗിച്ചുവെന്ന് ബൈബിൾ പിന്നീട് വെളിപ്പെടുത്തുന്നു. സത്യദൈവത്തിന്റെ ആരാധനയിലേക്ക് അവളുടെ കുടുംബത്തെയും ജനതയെയും നയിക്കുന്നതിനു പകരം, അവൾ വിഗ്രഹാരാധന കൊണ്ടുവന്നു, അല്ലെങ്കിൽ അതിനെ പ്രോത്സാഹിപ്പിച്ചു.

ശലോമോന്റെ കാലം മുതൽ സത്യാരാധനയെ പുറജാതീയ ആചാരങ്ങളുമായി കലർത്താനുള്ള പ്രവണത യഹൂദയിൽ ഇത് ഒരു വലിയ പ്രശ്നമായി മാറി. ശലോമോൻ തന്റെ ഭരണകാലത്ത് പല വിദേശ രാജ്യങ്ങളിലെ സ്ത്രീകളെ വിവാഹം കഴിച്ചു, അവർക്കൊപ്പം അവരുടെ വിദേശ ദേവന്മാരെയും അവരുടെ ആചാരങ്ങളെയും കൊണ്ടുവന്നു. ഇതിന്റെ ഫലമായി, യഹൂദന്മാർ യഹോവയെ ആരാധിച്ചുകൊണ്ടിരിക്കെ, അവർക്കൊപ്പം ഈ അന്യദേവരെയും ആരാധിക്കാൻ തുടങ്ങിയതുപോലെ, ഒരു അനുഗ്രഹമാകുമായിരുന്ന മയഖയുടെ സ്വാധീനം ഒരു ആത്മീയ ഇടർച്ചയായി മാറി. സ്വാധീനം തെറ്റായി ഉപയോഗിക്കുമ്പോൾ, അത് മറ്റുള്ളവരെ ദൈവത്തിന്റെ സത്യത്തിൽ നിന്ന് അകറ്റുമെന്ന് അവളുടെ പ്രവൃത്തികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

4. അവളുടെ വിഗ്രഹാരാധനയും അതിന്റെ അനന്തരഫലങ്ങളും

2 ദിനവൃത്താന്തം 15:16 ൽ മയഖയുടെ പാപത്തെക്കുറിച്ചും അവളുടെ ചെറുമകൻ ആസയുടെ പ്രതികരണത്തെക്കുറിച്ചും വളരെ ഗൗരവമേറിയ ഒരു വിവരണം നൽകുന്നു: “ആസാ രാജാവു തന്റെ അമ്മയായ മയഖയെയും അവൾ അശേരക്കു ഒരു മ്ലേച്ഛവിഗ്രഹം ഉണ്ടാക്കിയിരുന്നതുകൊണ്ടു രാജ്ഞി സ്ഥാനത്തിൽനിന്നു നീക്കിക്കളഞ്ഞു; അവളുടെ മ്ലേച്ഛവിഗ്രഹം ആസാ വെട്ടിത്തകർത്തു കിദ്രോൻ തോട്ടിങ്കൽ വെച്ചു ചുട്ടുകളഞ്ഞു.” മയഖ വിഗ്രഹാരാധനയിൽ, പ്രത്യേകിച്ച് ഫലഭൂയിഷ്ഠതയുമായും പ്രകൃതിയുമായും ബന്ധപ്പെട്ട കനാന്യ ദേവതയായ അശേരായുടെ ആരാധനയിൽ ആഴത്തിൽ ഉൾപ്പെട്ടിരുന്നുവെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു. അവൾ ഒരു ലജ്ജാകരമായ പ്രതിമ നിർമ്മിച്ചു, അത് പുറജാതീയ ചടങ്ങുകളിൽ ഉപയോഗിക്കുന്ന ഒരു മര വിഗ്രഹമോ ചിഹ്നമോ ആയിരിക്കാം. അത്തരം പ്രവൃത്തികൾ ദൈവത്തിന്റെ കൽപ്പനകൾക്ക് നേരിട്ട് എതിരായിരുന്നു, അത് വിഗ്രഹങ്ങളെയും വ്യാജ ദൈവങ്ങളെയും നിരോധിച്ചിരുന്നു (പുറപ്പാട് 20:35). അവളുടെ പെരുമാറ്റം വ്യക്തിപരമായി പാപകരമായിരുന്നു മാത്രമല്ല, ദൈവത്തെ പരസ്യമായി അപമാനിക്കുകയും ചെയ്തു. രാജ്ഞി മാതാവ് എന്ന നിലയിൽ, അവളുടെ മാതൃക നിരവധി ആളുകളെ വിഗ്രഹാരാധന പിന്തുടരാൻ പ്രേരിപ്പിക്കുമായിരുന്നു.

സ്വന്തം ചെറുമകനാണെങ്കിലും ആസാ രാജാവ് ഇത് തിരുത്താൻ ശക്തമായ നടപടി സ്വീകരിച്ചു. മയഖയെ രാജകീയ സ്ഥാനത്ത് നിന്ന് പുറത്താക്കാനുള്ള അദ്ദേഹത്തിന്റെ തീരുമാനം കുടുംബ വിശ്വസ്തതയെക്കാൾ ദൈവത്തോടുള്ള അദ്ദേഹത്തിന്റെ വിശ്വസ്തതയെ പ്രകടമാക്കി. അവൾ നിർമ്മിച്ച വിഗ്രഹം പോലും അദ്ദേഹം നശിപ്പിച്ചു, ആരും, അവർ എത്ര ബഹുമാനിക്കപ്പെട്ടാലും, ദൈവനിയമത്തിന് അതീതരല്ലെന്ന് തെളിയിച്ചു. മയഖയുടെ ജീവിതത്തിലെ ഈ ഭാഗം ദുഃഖകരവുമായെങ്കിലും അത്യന്തം പ്രബോധനപരമാണ്, കാരണം അത് പാപം ഒരാളുടെ സ്വാധീനത്തെ എങ്ങനെ മങ്ങിച്ചുനശിപ്പിക്കുമെന്ന് വ്യക്തമായി കാണിക്കുന്നു. ഒരിക്കൽ രാജമാതാവെന്ന മഹത്വപദവിയും വലിയ സ്വാധീനവും അനുഭവിച്ചിരുന്ന മയഖ, തെറ്റായ ആത്മീയ വഴികളിലേക്ക് വഴുതിതെറ്റിയപ്പോൾ, അവളുടെ ബഹുമതിയും സ്ഥാനവും പെട്ടെന്ന് നഷ്ടപ്പെട്ടുപോയി. വിഗ്രഹാരാധനയ്ക്ക് പിന്തുണ നൽകിയ അവളുടെ പ്രവൃത്തികൾ യഹൂദയുടെ ആത്മീയജീവിതത്തെ തകർത്തതും, ഒടുവിൽ രാജാവായ ആസായിൽ നിന്ന് കടുത്ത ശാസന ലഭിച്ചതുമായിത്തീർന്നു. ഇതിലൂടെ ഒരാൾ എത്ര ഉയർന്ന സ്ഥാനത്തോ ശക്തിയിലോ ഉണ്ടായാലും, ദൈവത്തിൽ നിന്ന് അകലുമ്പോൾ ആ ബഹുമതിയും സ്വാധീനവും സ്ഥിരതയുള്ളതല്ലെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. പാപം ആദ്യം ചെറിയതുപോലെ തോന്നുമെങ്കിലും, അത് ഒരാളുടെ വിശ്വാസ്യത, അംഗീകാരം, ആത്മീയശക്തി എന്നീ മൂല്യങ്ങളെ തകർക്കുന്ന ശക്തിയാണ്. അതിനാൽ മയഖയുടെ വീഴ്ച ദൈവഭക്തിയെക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

5. മയഖയുടെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ

അഹങ്കാരവും പരാജയവും നിറഞ്ഞതാണെങ്കിലും, എല്ലാ തലമുറകൾക്കും വിലപ്പെട്ടതായി നിലനിൽക്കുന്ന നിരവധി പ്രധാന പാഠങ്ങൾ മയഖയുടെ ജീവിതം പഠിപ്പിക്കുന്നു. നമ്മൾ പഠിക്കുന്ന ആദ്യ പാഠങ്ങളിലൊന്ന് സ്വാധീനം ഒരു വലിയ ഉത്തരവാദിത്തമാണ് എന്നതാണ്. രാജ്ഞി മാതാവെന്ന നിലയിൽ, രാജകീയ തീരുമാനങ്ങളും യഹൂദയുടെ ആത്മീയ ദിശയും രൂപപ്പെടുത്താൻ അവളെ അനുവദിച്ച ശക്തമായ ഒരു സ്ഥാനം വഹിച്ചിരുന്നു. നിർഭാഗ്യവശാൽ, അവളുടെ സ്വാധീനം മറ്റുള്ളവരെ ദൈവത്തിന്റെ യഥാർത്ഥ ആരാധനയിൽ നിന്ന് അകറ്റി. നേതൃത്വത്തിൽ ആയാലും കുടുംബത്തിലായാലും സുഹൃത്തുക്കൾക്കിടയിലായാലും – സ്വാധീനം എല്ലായ്പ്പോഴും ജ്ഞാനത്തോടെയും എളിമയോടെയും ഉപയോഗിക്കണമെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വാധീനമുള്ളവർ അഹങ്കാരത്തിലേക്കോ പാപത്തിലേക്കോ അല്ല, സത്യത്തിലേക്കും നന്മയിലേക്കും വിശ്വാസത്തിലേക്കും മറ്റുള്ളവരെ നയിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു.

മയഖയുടെ ജീവിതത്തിൽ നിന്നുള്ള മറ്റൊരു പാഠം, കുടുംബ പാരമ്പര്യം വിശ്വസ്തത ഉറപ്പുനൽകുന്നില്ല എന്നതാണ്. ദാവീദ് രാജാവിന്റെ രാജകീയവും ദൈവഭക്തവുമായ കുടുംബത്തിൽ പെട്ടവളാണെങ്കിലും, അവൾ വിഗ്രഹങ്ങളിലേക്ക് തിരിഞ്ഞു. ആത്മീയമോ മതപരമോ ആയ ഒരു പശ്ചാത്തലത്തിൽ നിന്ന് വരുന്നത് ഒരു വ്യക്തിയെ യാന്ത്രികമായി വിശ്വസ്തനാക്കുന്നില്ല എന്നാണ് ഇത് കാണിക്കുന്നത്. ദൈവത്തെ ആത്മാർത്ഥമായി പിന്തുടരാനും സേവിക്കാനും ഓരോ വ്യക്തിയും സ്വയം തീരുമാനമെടുക്കണം. യഥാർത്ഥ വിശ്വാസം പാരമ്പര്യമായി ലഭിക്കില്ല; അത് വ്യക്തിപരമായ ബോധ്യത്തിൽ നിന്നും ദൈവവചനത്തോടുള്ള ദൈനംദിന അനുസരണത്തിൽ നിന്നും വരണം.

തിരുത്തൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയാണെന്നാണ് നാം പഠിക്കുന്ന മൂന്നാമത്തെ പാഠം. വിഗ്രഹാരാധന കാരണം ആസാ രാജാവ് മയഖയെ അവളുടെ രാജകീയ സ്ഥാനത്ത് നിന്ന് പുറത്താക്കിയപ്പോൾ, അത് ക്രൂരതയുടെ ഒരു പ്രവൃത്തിയല്ല, മറിച്ച് ആവശ്യമായ തിരുത്തലിന്റെ ഒരു പ്രവൃത്തിയായിരുന്നു. അവളുടെ സ്വാധീനം ജനതയുടെ വിശ്വാസത്തിന് ദോഷം വരുത്തുമെന്ന് ആസാ മനസ്സിലാക്കി, അതിനാൽ യഹൂദയിലെ വിശുദ്ധി സംരക്ഷിക്കാൻ അവൻ ഉറച്ചു പ്രവർത്തിച്ചു. അതുപോലെ, ദൈവവും ചിലപ്പോൾ തന്റെ ജനത്തെ ശരിയായ പാതയിലേക്ക് തിരികെ കൊണ്ടുവരാൻ ശിക്ഷിക്കുന്നു. തിരുത്തൽ വേദനാജനകമാണെങ്കിലും, അത് സ്നേഹത്തിന്റെ അടയാളമാണ്, കാരണം അത് വിശുദ്ധി പുനഃസ്ഥാപിക്കുകയും വിശ്വാസത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. യഥാർത്ഥ സ്നേഹമുള്ളവർ പാപത്തെ അവഗണിക്കുന്നില്ല; കരുതലോടെ തെറ്റ് ചൂണ്ടിക്കാണിക്കുകയും ശരിയായ വഴിയിലേക്ക് നയിക്കുകയും ചെയ്യും. അവരുടെ ലക്ഷ്യം ശാസിക്കലല്ല, ആ വ്യക്തിയുടെ ആത്മീയ ആരോഗ്യം സംരക്ഷിക്കലാണ്.

അഹങ്കാരം ഒരു ആത്മീയ വീഴ്ചയിലേക്ക് നയിച്ചേക്കാമെന്നും മയഖയുടെ പതനം നമുക്ക് മുന്നറിയിപ്പ് നൽകുന്നു. അവളുടെ പൂർവ്വികനായ അബ്ശാലോമിനെപ്പോലെ, അവൾ തന്റെ രാജകീയ സ്ഥാനത്തെയും സ്വാധീനത്തെയും കുറിച്ച് അഭിമാനിക്കുന്നവളായി മാറിയിരിക്കാം. അഹങ്കാരം പലപ്പോഴും ആളുകളെ അന്ധരാക്കുന്നു, ഇത് ദൈവത്തിന്റെ ജ്ഞാനത്തിൽ ആശ്രയിക്കുന്നതിനു പകരം സ്വന്തം ജ്ഞാനത്തിൽ ആശ്രയിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. അഹങ്കാരം ഒരാളുടെ മനസ്സിൽ വളരുമ്പോൾ, അവർ സ്വന്തം ബുദ്ധിയെയും കഴിവിനെയും കൂടുതലായി ആശ്രയിക്കാൻ തുടങ്ങും. അപ്പോൾ അവർ ദൈവത്തിന്റെ മുന്നറിയിപ്പുകളും ദൈവാശ്രയവും അവഗണിക്കാൻ തുടങ്ങുന്നു. എല്ലാ ശക്തിയും ബഹുമാനവും അവനു മാത്രമുള്ളതാണെന്ന് അറിഞ്ഞുകൊണ്ട് ദൈവമുമ്പാകെ താഴ്മയുള്ളവരായിരിക്കാൻ മയഖയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. താഴ്മ മാത്രമാണ് നമ്മെ ദൈവത്തോട് അടുപ്പിക്കുകയും ആത്മീയ നാശം ഒഴിവാക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നത്.

എന്നിരുന്നാലും മയഖയുടെ പരാജയത്തിനിടയിലും, പ്രത്യാശയുടെ ഒരു സന്ദേശം നാം കാണുന്നു: മനുഷ്യ പരാജയങ്ങൾക്കിടയിലും ദൈവത്തിന്റെ പദ്ധതി തുടരുന്നു. മയഖ ദൈവത്തിൽ നിന്ന് അകന്നുപോയെങ്കിലും, യഹൂദയെക്കുറിച്ചുള്ള അവന്റെ ഉദ്ദേശ്യം അവസാനിച്ചില്ല. അവളുടെ ചെറുമകൻ രാജാവായ ആസയിലൂടെ, ദൈവം തന്റെ ജനത്തിനിടയിൽ സത്യാരാധനയും വിശ്വാസവും പുനഃസ്ഥാപിച്ചു. മനുഷ്യ തെറ്റുകൾക്ക് ദൈവഹിതം തടയാൻ

കഴിയില്ലെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. പാപത്തിനും പരാജയത്തിനും ശേഷവും അവന് പുതിയ നേതാക്കളെ ഉയർത്താനും പുനരുജ്ജീവനം കൊണ്ടുവരാനും കഴിയും. ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ എല്ലായ്പ്പോഴും ഉറച്ചുനിൽക്കുന്നു, ഓരോ തലമുറയിലും അവന്റെ കരുണയും വിശ്വസ്തതയും കാണിക്കുന്നു.

ആസയുടെ കീഴിൽ സത്യാരാധനയുടെ പുനഃസ്ഥാപിച്ചതിലൂടെ ഈ സത്യം വ്യക്തമാകുന്നു. മയഖയെയും അവളുടെ വിഗ്രഹാരാധനാ ആചാരങ്ങളെയും നീക്കം ചെയ്തതിനുശേഷം, ആസാ യഹൂദയിൽ ഒരു വലിയ ആത്മീയ പരിഷ്കരണം ആരംഭിച്ചു. 2 ദിനവൃത്താന്തം 15:8-15-ൽ വിവരിച്ചിരിക്കുന്നതുപോലെ, അവൻ യഹോവയുടെ യാഗപീഠം നന്നാക്കി, ദൈവവുമായുള്ള ജനതയുടെ ഉടമ്പടി പുതുക്കി, അവനെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കാൻ ജനങ്ങളെ വിളിച്ചു. ആസയുടെ നേതൃത്വത്തിൽ, ആളുകൾ യഥാർത്ഥ ആരാധനയിലേക്കും അനുസരണത്തിലേക്കും മടങ്ങി. വേദനാജനകമായ തിരുത്തലിന്റെ ഒരു പ്രവൃത്തിയായി ആരംഭിച്ചത് ഉടൻതന്നെ അനുഗ്രഹത്തിന്റെയും ഉണർവിന്റെയും ഒരു കാലമായി മാറി.

അതിനാൽ, മയഖയുടെ പതനം യഹൂദയുടെ ആത്മീയ നവീകരണത്തിന് ഒരു വഴിത്തിരിവായി. അവളുടെ പാപം തുറന്നുകാട്ടപ്പെടുകയും നീക്കം ചെയ്യപ്പെടുകയും ചെയ്തപ്പോൾ, ആ ജനത ശുദ്ധീകരിക്കപ്പെടുകയും ദൈവത്തിന്റെ പ്രീതി വീണ്ടും അനുഭവിക്കാൻ തയ്യാറാകുകയും ചെയ്തു. പാപത്തെ നേരിടുകയും കൈകാര്യം ചെയ്യുകയും ചെയ്യുമ്പോൾ, സത്യാരാധനയും അനുഗ്രഹവും പുനഃസ്ഥാപിക്കാൻ കഴിയുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. തിരുത്തൽ നമ്മെ വേദനിപ്പിച്ചേക്കാം, പക്ഷേ അത് പലപ്പോഴും ദൈവജനത്തിനിടയിൽ കൂടുതൽ വിശുദ്ധിക്കും സമാധാനത്തിനും ഉണർവിനും വഴി തുറക്കുന്നു. മയഖയുടെ ജീവിതത്തിലൂടെ, ദൈവത്തിന് മനുഷ്യന്റെ ബലഹീനതയെ ആത്മീയ വളർച്ചയ്ക്കും പുതുക്കലിനുമുള്ള അവസരങ്ങളാക്കി മാറ്റാൻ കഴിയുമെന്ന് നമ്മെ പഠിപ്പിക്കുന്നു, അവന്റെ കൃപ നമ്മുടെ പരാജയങ്ങളെക്കാൾ വലുതാണെന്ന് വീണ്ടും തെളിയിക്കുന്നു.

അബ്ശാലോമിന്റെ മകൾ മയഖ, യഹൂദയുടെ ചരിത്രത്തിൽ ഒരു സങ്കീർണ്ണ വ്യക്തിയായി നിലകൊള്ളുന്നു. അവൾ സുന്ദരിയും രാജമാതാവും സ്വാധീന ശക്തിയുള്ളവളുമായിരുന്നു - വലിയ അധികാരവും ദൃഢനിശ്ചയവുമുള്ള ഒരു സ്ത്രീ. രെഹബെയാമിന്റെ പ്രിയപ്പെട്ട ഭാര്യയും അബീയാവിന്റെ അമ്മയും എന്ന നിലയിൽ, അവൾ രാജകീയ നയവും കുടുംബ പിന്തുടർച്ചയും രൂപപ്പെടുത്തി. എന്നിരുന്നാലും വിഗ്രഹങ്ങളോടുള്ള അവളുടെ അഹങ്കാരവും ഭക്തിയും അവളെ വഴിതെറ്റിച്ചു, അവളുടെ ആത്മീയ തെറ്റ് അവളുടെ പതനത്തിലേക്ക് നയിച്ചു.

വിശുദ്ധിയില്ലാത്ത ബഹുമാനം ശൂന്യമാണെന്നും യഥാർത്ഥ മഹത്വം അധികാരത്തിലല്ല, ദൈവത്തോടുള്ള അനുസരണത്തിലാണ് കാണപ്പെടുന്നതെന്നും അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവളുടെ ചെറുമകനായ ആസ അവളെ നീക്കം ചെയ്തതു വഴി ദൈവത്തിന്റെ സത്യത്തെ വ്യക്തിപരമായ ബന്ധങ്ങളെക്കാൾ വിലമതിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഒടുവിൽ, മയഖയുടെ ജീവിതം ഒരു മുന്നറിയിപ്പും പാഠവുമാണ്. അഹങ്കാരം, വിഗ്രഹാരാധന, സ്വാധീനത്തിന്റെ ദുരുപയോഗം എന്നിവയ്ക്കെതിരെ ഇത് നമുക്ക് മുന്നറിയിപ്പ് നൽകുന്നു. എന്നാൽ ദൈവം ക്ഷമയും നീതിമാനും വിശ്വസ്തനുമാണെന്നും, തന്റെ ജനം തന്നിലേക്ക് തിരിയുമ്പോൾ അവരെ പുനഃസ്ഥാപിക്കാൻ കഴിയുമെന്നും ഇത് പഠിപ്പിക്കുന്നു. ജനപ്രീതിക്ക് പകരം വിശ്വസ്തതയും, പാരമ്പര്യത്തിന് പകരം വിശുദ്ധിയും, ഹൃദയത്തിലെ വിഗ്രഹങ്ങൾക്ക് പകരം ദൈവത്തോടുള്ള ഭക്തിയും തിരഞ്ഞെടുക്കാൻ അവളുടെ ജീവിതം ഓരോ വിശ്വാസിയെയും പ്രേരിപ്പിക്കുന്നു. ഉയർന്ന സ്ഥാനത്തുള്ള ഒരു സ്ത്രീക്ക് അഹങ്കാരത്തിലൂടെയും വിഗ്രഹാരാധനയിലൂടെയും എങ്ങനെ വീഴാൻ കഴിയുമെന്നും, തിരുത്തലിലൂടെയും പുതുക്കലിലൂടെയും ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ എങ്ങനെ ഉറച്ചുനിൽക്കുന്നുവെന്നും മയഖയുടെ ജീവിതം കാണിക്കുന്നു. വിശ്വാസം, വിനയം, അനുസരണം എന്നിവയാണ് ദൈവത്തിന്റെ ദൃഷ്ടിയിൽ മഹത്വത്തിന്റെ യഥാർത്ഥ അടയാളങ്ങൾ എന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

നിഖ്യാ സുന്നഹദോസിന്റെ 1700-ാമത് വാർഷികത്തോട് അനുബന്ധിച്ച് ഇന്റർ ചർച്ച് കൗൺസിൽ കൊച്ചിയിൽ സംഘടിപ്പിച്ച ചടങ്ങിൽ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ സംസാരിക്കുന്നു.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് അടൂർ കടമ്പനാട് ഭദ്രാസനതല ഉദ്ലാടനം ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ നിർവഹിച്ചു.

ഡോ. എം.എസ്. സുനിലിന് പുരസ്കാരം

ചാരുംമൂട്: നൂറനാട് പടനിലം പരബ്രഹ്മക്ഷേത്ര ഭരണസമിതിയുടെ പരബ്രഹ്മ ചൈതന്യ പുരസ്ക്കാരത്തിന് (50,001 രൂപ) ജീവകാരുണ്യ പ്രവർത്തക ഡോ. എം. എസ്. സുനിൽ അർഹയായി. 17-നു വൈകിട്ട് ഏഴിന് ക്ഷേത്രത്തിലെ വൃശ്ചി കോത്സവത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ എം. എസ്. അരുൺ കുമാർ എംഎൽഎ അവാർഡ് സമ്മാനിക്കും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ

(ലൂക്കോസ് 1:26-38)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

രക്ഷ ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ സംഭവങ്ങളിൽ ഒന്നാണ് ദൈവമാതാവിനോടുള്ള വചനിപ്പ്. വർഷത്തിൽ രണ്ടു തവണ സഭ ഈ മഹാ സംഭവത്തെ അനുസ്മരിക്കുന്നു എന്ന് പറയുമ്പോൾ തന്നെ അതിന്റെ പ്രാധാന്യവും ഗൌരവവും നമുക്ക് മനസ്സിലാക്കാം.

പുതിയ സൃഷ്ടിയുടെ ആരംഭത്തിന്റെ പ്രഖ്യാപനം

പുതിയ സൃഷ്ടിയുടെ രൂപീകരണം ആണ് മർത്യീകരണം എന്ന മഹാസംഭവത്തിന്റെ ഉദ്ദേശം. പുതിയ സൃഷ്ടിയുടെ ആദ്യ മാതൃക അഥവാ പ്രാക് രൂപമാണ് (Prototype) കർത്താവായ യേശു ക്രിസ്തു എന്ന് പുതിയ നിയമം അടിവരയിടുന്നുണ്ട്. (റോമർ 8:29; കൊലൊ. 1:15). മശിഹായുടെ ആഗമനത്തെ കുറിച്ച് മാലാഖ പ്രഖ്യാപനം നടത്തുമ്പോൾ അത് മശിഹായിലൂടെ പ്രാരംഭം കുറിക്കുന്ന പുതിയ സൃഷ്ടിയുടെ പ്രഖ്യാപനം കൂടിയാണ്.

ഉല്പത്തി പുസ്തകത്തിൽ സൃഷ്ടിയുടെ ആരംഭത്തിങ്കൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം വ്യക്തമായി പ്രതിപാദിക്കുന്നു (ഉല്പത്തി 1:2). പുതിയ സൃഷ്ടിയുടെ പ്രാരംഭവും പരിശുദ്ധാത്മാവിനാൽ ആണ് സാധിതമാകുന്നത് എന്ന് വചനിപ്പിൻറെ വാർത്തയിൽ മാലാഖ പറയുന്നുണ്ട്.

ഇപ്രകാരം പുതിയ സൃഷ്ടിയിലേക്കുള്ള മനുഷ്യകുലത്തിന്റെ പ്രവേശനത്തിന്റെ അതുല്യമായ പെരുന്നാൾ ആണ് ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ദിവസം. മശിഹായുടെ വരവിലൂടെ തുടക്കമായ പുതിയ സൃഷ്ടിയുടെ ഭാഗമാണ് ഓരോ വ്യക്തി ജീവിതവും എന്ന് തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ഈ ലോകത്തിന് അനുരൂപരാകാതെ നവീകരിക്കപ്പെട്ട ലോകത്തിലെ പുതിയ സൃഷ്ടിയാണ് നാമെന്ന ആത്മബോധം വർദ്ധിപ്പിക്കുവാൻ ഈ ദിനം നമ്മെ സഹായിക്കട്ടെ.

രക്ഷാ പദ്ധതിയിലെ സഹവർത്തിത്വത്തിന്റെ അടയാളം

മനുഷ്യ കുലത്തോടുള്ള ദൈവത്തിന്റെ അനുപമ സ്നേഹത്തിന്റെ പ്രതീകമാണ് മനുഷ്യാവതാരം. കാലങ്ങളായി കാത്തിരുന്ന ആ മഹാ സംഭവത്തിന് കാലമെത്തിയപ്പോൾ ദൈവം ഒരു കൊച്ചു ബാലികയുടെ മറുപടിക്കായി കാത്തിരിക്കുകയാണ്. മറിയം മനുഷ്യകുലത്തിന്റെ പ്രതീകമാണ്. "നിന്റെ വാക്ക് പോലെ എനിക്ക് ഭവിക്കട്ടെ എന്ന മറിയാമിന്റെ ഉത്തരത്തിൽ മനുഷ്യകുലത്തിന്റെ സമ്മതമാണ് ദർശിക്കുന്നത്. രക്ഷാപദ്ധതിക്ക് മനുഷ്യകുലത്തിന്റെ സഹവർത്തിത്വതിനായുള്ള കാത്തിരിപ്പ് ഇവിടെ പ്രകടമാണ്. മറിയം പ്രകടിപ്പിക്കുന്ന വിശ്വാസവും സമർപ്പണവും ഈ സഹവർത്തിത്വത്തിന്റെ ലക്ഷണങ്ങളാണ്

പൂർണ്ണമായും ദൈവീക പദ്ധതിയാണ് മനുഷ്യാവതാരം എന്ന് പറയുമ്പോഴും അതിനെ സ്വീകരിക്കുവാനുള്ള സന്നദ്ധത മനുഷ്യന് ഉണ്ടാകണം. കർഷകൻ നിലം ഒരുക്കി കാത്തിരിക്കുന്നത് പോലെ ഉള്ള താത്പര്യവും ഒരുക്കവും മനുഷ്യന് ഉണ്ടാകണം. സാധാരണ ജീവിത അനുഭവങ്ങളിൽ ഇടപ്പെടുവാൻ ആഗ്രഹിക്കുന്ന ദൈവത്തിന് നമ്മുടെ വിശ്വാസവും സമർപ്പണ മനോഭാവവും അനിവാര്യമാണ് എന്ന ചിന്തയും ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നവ ദൌത്യങ്ങളിലേക്കുള്ള ആഹ്വാനം

ഒരു കുടുംബസ്ഥയായി ജീവിച്ചു തീർക്കേണ്ട ജീവിതത്തെ സർവ്വ ലോകത്തിന്റെയും മാതാവ് എന്ന പദവിയിലേക്ക് ഉയർത്തുന്ന അറിയിപ്പാണ് മാലാഖ

നടത്തുന്നത്. മാലാഖ യേശുവിന് നൽകുന്ന ഓരോ വിശേഷണങ്ങളും മറിയാമിന് ഏറ്റെടുക്കേണ്ടി വരുന്ന ദൌത്യങ്ങളെ കുറിച്ചുള്ള സൂചനകളാണ്. മറിയാമിന് സഭ പിന്നീട് നല്കിയ പേര് "ദൈവമാതാവ്" എന്നാണ്. ആ പേരിലേക്ക് അവളെ കൂട്ടികൊണ്ട് വരുന്നത് വചനിപ്പിന്റെ ദിവസം അവൾ സ്വീകരിച്ച പുതിയ നിയോഗങ്ങളാണ്.

നീ പ്രസവിക്കുന്നവൻ അത്യുന്നതന്റെ പുത്രനാകും, നീ പ്രസവിക്കുന്നവൻ എന്നേക്കും രാജാവാകും, നിന്റെ മേൽ അത്യുന്നതന്റെ ശക്തി നിഴലിടും, പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, നീ പ്രസവിക്കുന്നവൻ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും ഈ വാക്കുകളിലൂടെ മറിയാം സ്വീകരിച്ചത് ഒരുവനിലൂടെ സർവ്വ ലോകത്തിന്റെയും മാതാവാകുക എന്ന "പുതിയ മാതൃത്വത്തെയാണ്".

ഏകജാതന്റെ മരണത്തിനും അപ്പുറം അവന്റെ ശിഷ്യന്മാരുടെ ജീവിതത്തിലെയും സജീവ സാന്നിധ്യമായി ക്രിസ്തുവിൻറെ പൂർണ്ണ സാക്ഷിയായി അവൾ തന്നെ ദൌത്യത്തെ വെളിപ്പെടുത്തി. നമ്മുടെ ജീവിതങ്ങളിലും വ്യർത്ഥമായി മടക്കി അയക്കപ്പെട്ടവരാകാതെ നമ്മുടെ നിയോഗങ്ങളെ തിരിച്ചറിയുവാൻ നമുക്ക് കഴിയണം. മറിയം ജീവിതത്തോട് ചേർത്തുവച്ച നവദൌത്യങ്ങളെ പോലെ ജീവിതത്തിന്റെ ലക്ഷ്യങ്ങളെയും, സ്വീകരിക്കേണ്ടി വരുന്ന വാളുകളെയും ഹൃദയത്തോട് ചേർക്കുവാൻ നമുക്കും കഴിയണം.

❑

Church Calendar

Let it be with me according to your word

Annunciation to the Holy Mother of God (St. Luke 1:26–38)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The Annunciation to the Mother of God is a pivotal chapter in the history of our Lord's incarnation. A heartfelt hymn we sing in our worship is the one that begins with 'Karthavarulicheythu Njan' ('The Lord has spoken'). This song beautifully describes the Annunciation to the Mother of God.

The angel Gabriel, like a farmer, sowed the Word, who is the Lord, into the good soil of the Virgin, and that fertile ground gave the Tree of Life to the world. The Annunciation to the Mother of God was an occasion that demonstrated the incomparable love of the Creator for His creation.

Mary, who received the Word through her ear and bore Him in her womb

To carry God within us is a difficult task. It is through Mary that we, as human beings, each have the opportunity to become temples where God dwells. Mary, who completely surrenders herself to the angel's words, is visible in her response: 'Let it be with me according to your word.'

It is natural for Mary to be afraid when she saw the angel. The Old Testament describes angels as beings of burning fire, which is beyond our typical perception of them as beautiful figures flying around with harps in their hands. Likewise, Gabriel, who stands in the presence of God, is a being of fire. However, when she hears the angel's words of peace, we see a Mary who responds without any hesitation. This is the spiritual courage that stems from a deep-rooted faith in God.

Mary, having been brought up in the temple, would not have been ignorant of the condemnation a woman would face from society for becoming pregnant before marriage. Instead, the Mother of God's thought was that the mission she was called to must be fulfilled through her, no matter the hardships and adversities she would have to endure. This is precisely what we lack today. For us, who have been born again through Holy Baptism, consecrated through Holy Myron, and made into temples of God through the Holy Qurbana, are we able to bear fruit worthy of our calling?

Our spirituality must grow to the point where, in the midst of life's crises, we can pray, 'May Your will be fulfilled in me,' rather than questioning God. Only then can we be true Christians who carry Christ in our hearts.

For the seed to yield a hundredfold, the soil must be fertile

As mentioned in the introduction, Mary was good soil. When a seed is sown, for it to yield a hundredfold, the soil and all related conditions must be perfectly suitable. The parable of the sower who went out to sow is relevant here. If the word sown in us is to be fully fruitful, we too must prepare ourselves accordingly.

If we examine the qualities Mary possessed to become the Mother of God, we find they were humility before God, a pure heart, and communion with God through silence. The Fathers teach that no one has been exalted like Mary because no one has humbled herself as she did. Even with the

perfect knowledge that she was carrying the Son of God in her womb, she went up to the hill country of Judea to serve her relative Elizabeth. It is there that her humility becomes visible.

The Holy Scripture testifies that Mary treasured all things in her heart. She understood the true meaning of the verse from the Psalms, "Be still, and know that I am God." Is this humble attitude not what we are missing today? Are we not envious of the progress of others? How much clamor is there on our life's path? Are we able to remain quiet for even a little while in the temple?

It is here that the Mother tells us: "My child, without being still under the hand of your Lord, you cannot hear His voice or overcome the bitterness of

your life with spiritual peace." Mary will be called blessed by all generations, for all who humble themselves will indeed be exalted.

The Mother of God who Recognized Divine Peace in Suffering

The angel said to her, "Hail, full of grace, peace be with you." This is also the opening line of the intercessory prayer to the Holy Mother of God compiled by the Church Fathers. Peace comes from God's grace. However, divine peace is different from that of the world. The Lord Himself has commanded, "My peace I give to you; it is not as the world gives." Divine peace is a call that accompanies suffering.

But during those times of suffering, we will not be allowed to grow weary and fall, for the grace that is made perfect in weakness is with us. Mary had a complete understanding of this. From the day she accepted the angel's word, the Mother is one who received the sword of suffering in her heart. Yet, in all these situations, Mary was calm. In the manger, in the temple of Jerusalem, and at the foot of the cross, the Mother is silent. The disciples, who partook of this divine peace, also embraced martyrdom on this path of suffering.

In the Orthodox faith, growing into deification, from the likeness of God to His image, happens through this peace of suffering. This is the same peace that the celebrants entrust to us in every Holy Qurbana. The Lord says to the Holy Apostle Paul: "My grace is sufficient for you." It is God's grace that makes us sufficient for all things. Our prayer should be to be filled with God's grace, even when we are in the valley of tears. Like St. Mary, may we be able to become completely surrendered to God's will, filled with His grace, and carriers of Christ.

❑

ഗാന്ധിഭവൻ നാഷണൽ എക്സലൻസ് അവാർഡ് ഫാ. ബിജു പി. തോമസിന്

കൊല്ലം: 2025-ലെ ഗാന്ധിഭവൻ നാഷണൽ എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. ജീവകാരുണ്യ സാഹിത്യ മേഖലകളിൽ ഫാ. ബിജു പി. തോമസ് അവാർഡിന് അർഹനായി. മുൻ പ്രധാന മന്ത്രി മൻമോഹൻ സിംഗിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും ഉപദേശകനുമായിരുന്ന ടി. കെ. എ. നായർ, സാഹിത്യകാരൻ ഡോ. ജോർജ് ഓണക്കൂർ, പത്രപ്രവർത്തകർ പോൾ മണലിൽ എന്നിവർ അംഗങ്ങളായുള്ള ജൂറിയാണ് അവാർഡുകൾ നിശ്ചയിച്ചത്. 25000 രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം. 26-നു പത്തനാപുരം ഗാന്ധിഭവനിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ സമ്മാനിക്കും.


SOPANA ORTHODOX ACADEMY
SOPANA SCHOOL OF ICONOGRAPHY
A Six-Month Certificate Program in Sacred Art and Spirituality
Hybrid Learning: Online lectures + Residential Icon painting at Sopana Orthodox Academy
The course welcomes participants from diverse backgrounds — artists, theology students, youth leaders, Sunday School teachers, and community workers — as well as anyone seeking personal spiritual enrichment. It is designed for those who wish to engage deeply with theology through art, contribute creatively to their Church and community, and participate in dialogue between faith, culture, and beauty.
It includes six theory modules covering history, symbolism, theology, and spirituality, along with a residential practical workshop in iconography.
Eligibility
• 18 years and above
• Minimum Higher Secondary Education
• No prior artistic experience required
• Commitment to both online and offline sessions
Duration
• Six Months (January - June 2026)
Mode of Learning
Online: Theory classes for the first five months
Offline: A mandatory 7-day intensive practical icon-writing workshop in May-June, 2026 at Sopana Orthodox Academy
FOR MORE DETAILS
+919167825340
sopanaorthodoxacademy@gmail.com
projectgraphe.in



"മറ്റുള്ളവരുടെ കഷ്ട്ടതയിൽ പങ്കുചേരുന്നവർക്ക് പലതരത്തിൽ ആശ്വാസം കിട്ടും. സ്വന്തം കഷ്ടത മറക്കുന്നു സന്തോഷം കണ്ടെത്തുന്നു" (തിരുമേനിയുടെ അനുദിന ധ്യാനം എന്ന പുസ്തകത്തിൽ നിന്നും).

- മാത്യൂസ് മാർ ബർണബാസ്

ഓർമ്മ ഡിസംബർ 8, 9. വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സിറിയൻ ദേവാലയം.



ഷിൻസ് പീറ്ററിന്റെ Seraphic verses- A Lyrical Odyssey Beneath the Medlar tree എന്ന കവിതാ സമാഹാരം ഡോ. ശശി തരൂർ എം.പി. പ്രകാശനം ചെയ്തു.

നനയാത്ത നാവ്

ഫാ. അജീഷ് ബാബു

'ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയൊരു പിളർപ്പുണ്ടാക്കിയിരിക്കുന്നു' (ലൂക്കോസ് 16.26).



ഭൂമിയിലുള്ള മനുഷ്യരെക്കുറിച്ച്, പ്രകൃതിയെക്കുറിച്ച്, ജന്തുജാലങ്ങളെക്കുറിച്ച് പറയുന്നതിനിടയിൽ ഭൂമിക്ക് പുറത്തുള്ള മനുഷ്യരെക്കുറിച്ചും ക്രിസ്തു പറയുന്നുണ്ട്. ഭൂമികേന്ദ്രീകൃതമായ സങ്കൽപ്പങ്ങൾക്ക് പുറത്തുള്ള ലോകത്തെ ക്രിസ്തു തന്റെ വാക്കുകളിൽ ബന്ധിപ്പിക്കുക വഴി ഭൂമി കേന്ദ്രീകൃതമായ രാഷ്ട്രീയത്തെ, അധികാരത്തെ ക്രിസ്തു ചോദ്യം ചെയ്യുകയാണ്. ഭൂമിയിൽ ധനവാനായിരുന്ന മനുഷ്യൻ മരിച്ച ശേഷം ദരിദ്രൻ ആവുകയും ഭൂമിയിൽ ദരിദ്രനായിരുന്നവൻ മരണാനന്തരം അബ്രഹാമിനൊപ്പം മാറി, ധനവാന്റെയും ലാസറിന്റെയും ഉപമയിൽ.

ഭൂമിയിലെ അകലം

ഭൂമിയിലെ അധികാരകേന്ദ്രങ്ങൾക്ക് പ്രധാന സ്വഭാവം, അപരത്വം സൃഷ്ടിക്കുക എന്നതാണ്. അധികാരികളും അധികാരത്തിന് പുറത്തുള്ളവരും തമ്മിൽ പറയാതെ പറഞ്ഞുവെക്കുന്ന അകലം, അത് കേവലം മനുഷ്യർ തമ്മിൽ അകലമല്ല മറിച്ച് അധികാര രാഷ്ട്രീയത്തിന്റെ അകലമാണ്. ധനവാൻ ധരിക്കുന്ന വസ്ത്രം അത് അയാളുടെ ആഡംബരത്തിന്റെ അടയാളമാണ് എന്നാൽ ലാസറിന്റെ ശരീരത്തിലെ വ്രണം അത് മാനസികവും ശാരീരികവുമായി തളർന്ന ധനവാന്റെ കൊട്ടാരപരിസരത്തിൽ ജീവിച്ചുപോകുന്ന മനുഷ്യരുടെ അടയാളവുമാണ്.

ധനവാൻ കൊട്ടാരത്തിൽ തന്റെ സമ്പത്തിനെ ചുറ്റിപ്പറ്റി ജീവിക്കുമ്പോൾ ലാസർ തന്റെ ദാരിദ്ര്യത്തിൽ തന്റെ രോഗത്തെ ചുറ്റിപ്പറ്റിയാണ് ജീവിക്കുന്നത്. ഇവിടെ ധനവാന്റെ കൊട്ടാരത്തിനോട് ചേർന്നാണ് ലാസറിന്റെ ഇരിപ്പടം, ഇതിന്റെ അർത്ഥം ധനവാനാൽ തന്റെ കൊട്ടാരം മുഖേന ദാരിദ്ര്യം സൃഷ്ടിക്കുന്ന ഒരു വലിയ സമൂഹം തന്റെ കൊട്ടാരത്തിനോട് ചേർന്ന് തന്നെയുണ്ട് എന്ന് പറയാതെ പറഞ്ഞുവെക്കുകയാണ്. ധനവാനും ലാസറും തമ്മിൽ അകലമുള്ളപ്പോഴും ഈ അകലങ്ങൾക്ക് കാരണം ധനവാനിലെ അധികാര രാഷ്ട്രീയമാണ് അയാൾ തിരിച്ചറിയുന്നില്ല.

മെറ്റഫർ

ഇത് ഒരു സിംബോളിക് മെറ്റഫറാണ്. ജെറുസലേമിൽ താമസിക്കുന്ന അധികാരം പുലർത്തുന്ന റോമൻ കേന്ദ്രീകൃത ജൂത രാഷ്ട്രീയവും അവർ കാണാതെ പോകുന്ന ലാസറിന്റെ പ്രതിനിധികളായ ജെറുസലേമിൽ വന്നുപോകുന്ന പ്രവാസി ജൂതന്മാരും കൂടാതെ ജൂതർ അല്ലാത്ത മനുഷ്യരും തമ്മിലെ ജീവിത അവസ്ഥകളെ ക്രിസ്തു വ്യക്തമാക്കുന്നതാണ്. കൊട്ടാരത്തിൽ ദരിദ്രരായി കഴിഞ്ഞുകൂടുന്ന പ്രവാസിജൂതന്മാരെ പരിഗണനകൾക്ക് വിധേയമാകാത്ത ധനവാന്മാരായ യെരുശലേമിലെ പട്ടണ കേന്ദ്രീകൃത ജൂതാധികാരവർഗ്ഗം സ്വയം തിരിച്ചറിയാതെ പോകുന്നത് ലാസർ, ജൂത പ്രവാസികൾ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാണ് എന്ന സത്യമാണ്. ദൈവം ലാസറിനെയും ധനവാനെയും കാണുന്നു. യെറുശലേമിലെ മതാധികാരിയും റോമൻ ഭരണകൂടവും തമ്മിൽ അവിശുദ്ധമായ ബന്ധമാണ് ഒരു ഭാഗത്ത് അതിന്റെ ഭാഗമായി മതവും രാഷ്ട്രീയവും ചേർന്ന് പുതിയ പുതിയ ലാസർ മാരെ സൃഷ്ടിച്ചു കൊണ്ടേയിരുന്നു.

അപ്പം നുറുക്കും നായ്ക്കളും

അവസാനിക്കാത്ത വിശപ്പും, തീരാത്ത വേദനയുമാണ് ലാസറിന്. ധനവാന്റെ മേശയിൽ നിന്നും വീഴുന്ന അപ്പം ഭക്ഷിക്കാൻ ആഗ്രഹമുള്ളവനാണ് ലാസർ. ലാസറിന് എന്നാൽ പൂർണമായ സംതൃപ്തി ധനവാന്റെ ലോകത്തു നിന്ന് കിട്ടിയിട്ടില്ല. ലാസറിന്റെ വിശപ്പ് ഒരു കാലത്തും അടങ്ങിയിട്ടില്ലാത്ത വിശപ്പാണ്. നായ്ക്കൾ, അത് വളർത്തുനായി എന്നതിനേക്കാൾ അപ്പുറം ധനവാന്റെ കൊട്ടാരത്തിലെ സ്തുതിപാടുക സമൂഹമാണ്. ധനവാന്റെ ധനത്തിനു മുന്നിൽ ശരീരവും മനസ്സും കൊണ്ട് കീഴടങ്ങി ജീവിക്കുന്ന മനുഷ്യർ. അവർ അവരിൽ തന്നെ ദരിദ്രരാണ് മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നവരാണ് പിന്നെയെങ്ങനെയാണ് ലാസറിന്റെ വ്രണം അവർക്ക് സുഖപ്പെടുത്താൻ കഴിയുന്നത്. ഒരു കാലത്തും മുറിവുണങ്ങാത്ത മുറിവാണ് ലാസറിന്റേത്.

മരണാനന്തരമുള്ള ലാസർ

അബ്രഹാമിന്റെ മടിയിലാണ് ലാസർ. ഇതിന്റെ അർത്ഥം അബ്രഹാം പിതാവ് ഏറെ സ്നേഹിക്കുന്നത് ദരിദ്രരെയാണ്. ധനവാന് അബ്രഹാമിന്റെ മടിയിൽ സ്ഥാനം എന്തുകൊണ്ട് നഷ്ടമായി?, ഭൂമിയിൽ ജെറുസലേമിന്റെ രാഷ്ട്രീയത്തിൽ വ്യക്തമായി സ്ഥാനമുള്ള ധനവാന്മാർ എന്തുകൊണ്ട് മരണാനന്തരം ദരിദ്രരായി?. യേശു പറഞ്ഞുവെക്കുന്ന മരണാനന്തര ജീവിതത്തിലെ ദൈവാനുഭവം ഈ ഭൂമിയിൽ ഇരയായി മാറുന്ന മനുഷ്യർക്ക് സ്ഥാനം നൽകുന്ന പ്രത്യാശയുടെ ഇടമാണ് സ്വർഗ്ഗമെന്നാണ്. പ്രവാസികളെയും വിജാതീയരെയും ഒരുപോലെ പ്രണയിക്കുന്ന സ്വർഗ്ഗത്തിലെ ദൈവം അബ്രഹാമിനോടൊപ്പം ഇരിക്കാൻ അവർക്ക് സ്ഥാനം നൽകുന്നു. ജെറുസലേമിന് പുറത്ത് സാമ്പത്തിക ദാരിദ്ര്യത്തിൽ ജീവിതം സങ്കടപൂർവ്വം കഴിഞ്ഞുകൂടുന്ന ലാസർമാർ ഒരിക്കലും നിരാശപ്പെടരുത് എന്ന് പറഞ്ഞ് പ്രത്യാശയുടെ പദമാണ് ക്രിസ്തുപറയുന്നത്.

ലാസറിന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി തന്റെ നാവിൽ വെക്കണമെന്ന് ധനവാൻ അബ്രഹാമിനോട് സങ്കടത്തോടെയാണ് ആവശ്യപ്പെടുന്നത്. തന്റെ നാവു നനയ്ക്കാൻ ഭൂമിയിൽ വിശപ്പുതീരാത്തവന്റെ വിരൽ വേണമെന്നാണ് ധനവാൻ പറയുന്നത്.

ധനവാന്റെ ആകുലചിന്ത

ദൈവത്തോട് ധനവാൻ പറയുന്നത് ലാസറിനെ ഭൂമിയിൽ അയക്കണം, ഭൂമിയിൽ പോയി തന്റെ സഹോദരങ്ങളോട് അവരുടെ ജീവിതം കുറേക്കൂടി അർത്ഥവത്തായി ക്രമീകരിക്കുന്നതിന് പറയാൻ ഒരു അവസരം നൽകണം. ജെറുസലേമിൽ കഴിഞ്ഞുകൂടുന്ന മനുഷ്യരെക്കുറിച്ച് അദ്ദേഹം സംതൃപ്തനാണ്, ആകുലചിന്തകൾ അയാളെ വേട്ടയാടുന്നു. ജെറുസലേം സൃഷ്ടിക്കുന്ന രാഷ്ട്രീയത്തിൽ ലാസർമാർ ഇനി വർദ്ധിക്കാതിരിക്കാൻ ധനവാൻ നടത്തുന്ന ശ്രമം കൂടിയാണിത്. അപ്പന്റെ വീട് ഭൂമിയിൽ സൃഷ്ടിക്കുന്ന വലിയ വിടവാണ്, ഭൂമിക്ക് പുറത്തേക്ക് അവിടെ ദൂരം നീളുന്നുണ്ട്. ദൈവം തിരഞ്ഞെടുത്തവർ എന്ന് സ്വയം ചിന്തിക്കുമ്പോഴും ധനവാൻ തിരിച്ചറിയുന്നു അവർ ന്യായവിധിയുടെ ഭാഗമാണെന്ന്. ദരിദ്രരോട് ദയ കാണിക്കാത്തവരെ അബ്രഹാമിനൊപ്പം ഇരുത്താൻ ദൈവത്തിന് വലിയ താല്പര്യമില്ല,

ദൈവം ലാസറിനെ അയക്കുന്നില്ല. മറിച്ച് ദൈവം ലാസറിനോട് പറയുന്നത് മോശയും പ്രവാചകന്മാരും അവർക്ക് കൂട്ടായി ഉണ്ട് എന്നാണ്.

മതാധിപത്യം മനുഷ്യത്വം നൽകാതെ ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്ക്, ഭൂമിക്ക് പുറത്തേക്ക് നീളുന്ന ഒരു വലിയ അകലം ഉണ്ടത്രേ. ഭൂമിയിലെ വേദനയും മനപ്പൂർവമായ പരിഗണനയില്ലായ്മയും ഭൂമിക്ക് പുറത്തേക്കും നീങ്ങുന്നുണ്ട്. ജെറുസലേമിന്റെ ഭൂമികേന്ദ്രീകൃതമായ രാഷ്ട്രീയം ഭൂമിക്ക് പുറത്തേക്ക് വ്യാപിച്ചതാണ്.

ഭൂമിയിലെപ്പോലെ മനുഷ്യന്റെ സംസാരം മരണാനന്തരവും മനുഷ്യർ തമ്മിൽ സംസാരിക്കുന്നതിനെക്കുറിച്ച് ഗുരു പറയുന്ന ധനവാന്റെയും ലാസറിന്റെയും ജീവിതം. ഭൂമിയിൽ ധനവാനും ലാസറും തമ്മിൽ അധികം സംസാരിച്ചിരുന്നില്ല പക്ഷേ മരണാനന്തരം ധനവാനും ലാസറും തമ്മിൽ ഹൃദ്യമായ സംസാരം നടക്കുന്നു. മരിച്ചാലും മനുഷ്യർ സംസാരിക്കുമോ?, ചോദ്യത്തിന് ഹൃദ്യമായ വിശദീകരണമാണ് ഇത്.

ലാസർ ഭൂമിയിൽ ഒരിക്കലും വിശപ്പു മാറാത്തവൻ ആണ്, ലാസറിന്റെ വ്രണം ഭൂമിയിൽ ഒരിക്കലും ഉണങ്ങാത്തതുമാണ്.

ആനന്ദിന്റെ 'കേൾവി' എന്ന കഥയുടെ ഒരുഭാഗത്ത് മനുഷ്യന്റെ സ്വയ വളർച്ചയെയും അവന്റെ തളർച്ചയെയും സൂചിപ്പിക്കുന്നു. മനുഷ്യനെ മറ്റു മൃഗങ്ങളിൽ നിന്ന് വേർതിരിക്കുന്ന പ്രധാന ഘടകം അവന്റെ ഭാഷയാണെന്ന്. മൃഗങ്ങൾക്കും അവയുടേതായ ഭാഷകളുണ്ട്. പക്ഷേ, അവയുടേതിൽനിന്ന് വ്യത്യസ്തമായി, മനുഷ്യന്റെ ഭാഷ വളരുന്നതും പരിണമിക്കുന്നതുമായ ഒന്നാണ്. തന്നെയുമല്ല, മനുഷ്യർക്ക് ഒന്നല്ല, പല ഭാഷകളുണ്ട്. അവയോരോന്നും അവയുടെ വഴിക്ക് വളരുകയും പരിണമിക്കുകയും ചെയ്യുന്നു. നാം നമ്മുടെ ഭാഷകൾക്ക് വ്യാകരണമുണ്ടാക്കുന്നു, ശബ്ദകോശം വലുതാക്കുന്നു, വാക്യഘടന മെച്ചപ്പെടുത്തുന്നു. എല്ലാത്തിനുമുപരിയായി എഴുത്തും ലിപികളും ഉണ്ടാക്കുന്നു. ഒന്നു തന്നെയാണ്. ബാക്കി വരുന്ന ഒന്നര ശതമാനത്തിലെ ഒരു പ്രധാന ഘടകം ശബ്ദനാളവും നാവും മസ്തിഷ്കഭാഗങ്ങളും പങ്കുചേരുന്ന മനുഷ്യന്റെ വോയ്സ് ബോക്സാണെന്നാണ് അയാളുടെ അഭിപ്രായം. ചിംപാൻസിക്കോ ഗോറില്ലയ്ക്കോ അതില്ല. നിയാണ്ടർതാലിനും ഉണ്ടായിരുന്നില്ലത്രെ. ഈ അനുപമമായ ഹാർഡ്വെയർ കിട്ടിയിട്ടും അതിനെ മെരുക്കിയെടുക്കുവാനും, ഭാഷകളുടെ പ്രോഗ്രാമുകൾ രൂപപ്പെടുത്തുവാനും, അവൻ ഏറെ സമയമെടുത്തു. കഴിഞ്ഞ ഒരു ലക്ഷം കൊല്ലങ്ങളിൽ മാത്രമാണ്, അതിനു മുമ്പ് കൈ ഞൊടിക്കുകയും മുരളുകയും നാവ് ക്ലിക് ചെയ്യുകയും മാത്രം ചെയ്തിരുന്ന മനുഷ്യൻ ഇന്നത്തെ അവസ്ഥയിലുള്ള ഭാഷകൾ ഉണ്ടാക്കിയതും, ഭാഷാശാസ്ത്രവും, ഭാഷാസിദ്ധാന്തങ്ങളും, കോഡുകളും ക്രിപ്റ്റോഗ്രാഫിയുമൊക്കെയായി അവയെ വികസിപ്പിച്ചെടുത്തതും. ഈ ഒരുലക്ഷം കൊല്ലങ്ങളിൽ തന്നെയാണ് അവൻ സമൂഹവും നിയമങ്ങളും തത്ത്വചിന്തയുമൊക്കെ ഉണ്ടാക്കിയതും, നാമൊക്കെ ഇന്നാകുവാൻ ആഗ്രഹിക്കുന്ന ശാസ്ത്രജ്ഞന്മാരും നഗരനിർമ്മാതാക്കളും കലാകാരന്മാരും ബുദ്ധിജീവികളും സാഹിത്യകാരന്മാരും രാഷ്ട്രതന്ത്രജ്ഞരും ആകുന്നതിനുള്ള അടിത്തറകൾ സൃഷ്ടിച്ചെടുത്തതും. അതുകൊണ്ട് ഭാഷയുടെ കണ്ടുപിടിത്തവും വളർച്ചയുമാണ് ഭൗതികവും സാംസ്കാരികവുമായ മനുഷ്യന്റെ എല്ലാ മുന്നേറ്റങ്ങൾക്കും മൂലം എന്ന് അയാൾ വാദിക്കുന്നു. ലളിതസുന്ദരമായി അയാൾ പറയുന്നു, മനുഷ്യന്റെ രണ്ടാമത്തെ പരിണാമം-descent of man കഴിഞ്ഞു വരുന്ന ascent of man തുടങ്ങുന്നത് വോയ്സ് ബോക്സിൽ നിന്നാണെന്ന്. അപകടങ്ങളാലോ ആഘാതങ്ങളാലോ മസ്തിഷ്കത്തിലെ ചില ഭാഗങ്ങൾക്ക് കേടുപറ്റുമ്പോൾ ചിലർക്ക് സംസാരശേഷി നഷ്ടപ്പെടുന്നു. വാക്കുകളുടെ അർത്ഥത്തെപ്പറ്റി അങ്ങനെയുള്ളവർക്ക് പരിപൂർണ്ണജ്ഞാനമുണ്ടാകും. പക്ഷേ, അവർക്ക് വാക്കുകൾ ഉച്ചരിക്കുവാൻ കഴിയില്ല.

സ്വയം ആർജിക്കുന്നതും നേടുന്നതും എല്ലാം ഒരു പരിധി കഴിയുമ്പോൾ മനുഷ്യന് നഷ്ടമാകും. നനയാത്ത നാവാണ് അയാൾക്ക്, ധനികന്.

ജെനിറ്റിക്കലായി, ചിംപാൻസിയും മനുഷ്യനും തൊണ്ണൂറ്റിയെട്ടര ശതമാനം

ബോംബെ ഓർത്തഡോക്സ് സംഗമം പരുമലയിൽ

പരുമല: ബോംബെ ഭദ്രാസനത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 2026 ജനുവരി മാസം 14-നു ബോംബെ ഓർത്തഡോക്സ് സംഗമം പരുമല സെമിനാരിയിൽ നടക്കും. ക്രമീകരണങ്ങളുടെ ആലോചന മീറ്റിംഗ് പരുമല സെമിനാരിയിൽ വെച്ച് ബോംബെ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ തെയോഫിലോസിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു.



എ. എം. അലക്സാണ്ടർ അന്തരിച്ചു

റാന്നി: കരികുളം മുണ്ടിയാന്തറ മാവേലിൽ പേരങ്ങാട്ട് ആറ്റുകുഴിയിൽ എ.എം.അലക്സാണ്ടർ (കുഞ്ഞുമോൻ, 86) അന്തരിച്ചു. ഇന്ത്യൻ നേവിയിലും യുഎന്നിലും ഉദ്യോഗസ്ഥനായിരുന്നു.

ഭാര്യ: പാറമേൽ പടിഞ്ഞാറെ മണ്ണിൽ ഈറക്കൽ പരേതയായ തങ്കമ്മ (യുഎസ് മെഡിക്കൽ വകുപ്പ് മുൻ ഉദ്യോഗസ്ഥ). മക്കൾ: മാത്യൂസ് അലക്സ് (ദുബായ്), ലൗലി അന്ന അലക്സ് (മുൻ പ്രധാനാധ്യാപിക ഇരവിപേരൂർ സെന്റ് ജോൺസ് എൽപിഎസ്), സൂസൻ അലക്സ് (യുഎസ്), തോമസ് അലക്സ് (യുഎസ്). മരുമക്കൾ: കണ്ടംപേരൂർ തുണ്ടിയിൽ ശാന്തി മാത്യു, കുമ്പനാട് പ്ലാവേലിൽ പുത്തൻപുരയിൽ അനിൽ തോമസ് ഏബ്രഹാം, കുട്ടൻപേരൂർ ചെമ്പകമഠം സാമുവൽ മാത്യു, മുളക്കുഴ തച്ചിലേത്ത് സുജ അലക്സ്.

സംസ്കാരം റാന്നി മുക്കാലുമൺ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

ശുഭ്രതയും ശുദ്ധതയും സമ്മേളിച്ച കുഞ്ഞുമോനച്ചായൻ

ഫാ. പി. എ. ഫിലിപ്പ്

സാമൂഹ്യമണ്ഡലത്തിലും ക്രിസ്തീയ സഭാവൃത്തങ്ങളിലും എ. എം. അലക്സാണ്ടർ എന്നറിയപ്പെട്ടിരുന്ന മഹാ മനുഷ്യൻ എനിക്ക് എന്നും സ്നേഹനിധിയായ ആറ്റുകുഴി കുഞ്ഞുമോനച്ചായനായിരുന്നു. ഏതാണ്ട് അര നൂറ്റാണ്ടിന്റെ പിതൃപുത്രബന്ധത്തിന് സമാനമായ കുളിർമയേറിയ ഒരു ബന്ധമാണ് കുഞ്ഞുമോൻ അച്ചായനും ഞാനും തമ്മിൽ ഉണ്ടായിരുന്നത്. എന്റെ പൗരോഹിത്യ ജീവിതത്തിലെ ഓരോ ചുവടുവെപ്പിലും അദ്ദേഹത്തിന്റെ പ്രാർത്ഥനയും അമൂല്യമായ ഉപദേശങ്ങളും ഉണ്ടായിരുന്നു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ശിഷ്യത്വം ഞാൻ സ്വീകരിച്ചതോടെ, കുഞ്ഞുമോനച്ചായന് എന്നോടുള്ള സ്നേഹവും വാത്സല്യവും ശതഗുണീഭവിച്ചു എന്ന് പറയാം. കാരണം അവർ തമ്മിൽ അത്രമേൽ അടുപ്പക്കാരായിരുന്നു. റാന്നിയിലെ അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ പോയി വളരെനേരം സംസാരിച്ചിരിക്കുമായിരുന്നു. സഭയിൽ സമാധാനം ഉണ്ടാക്കുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഒക്കെ എന്നോട് വിവരിക്കുമായിരുന്നു.

ജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളിലും കുഞ്ഞുമോനിച്ചായന്റെ ഉപദേശം ഞാൻ തേടിയിരുന്നു. ഓർത്തഡോക്സ് ആരാധന, ദൈവശാസ്ത്രം എന്നിവയിൽ അദ്ദേഹത്തിനുള്ള അറിവ് നമ്മെ വിസ്മയിപ്പിക്കുന്നതായിരുന്നു. വാട്സ്ആപ്പ് ഗ്രൂപ്പുകളിലും മറ്റ് വേദികളിലും ഒക്കെ അദ്ദേഹം പങ്കു വെച്ചിട്ടുള്ള വേദപുസ്തക ചിന്തകൾ, ധ്യാനങ്ങൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. വാമൊഴിയിലും വരമൊഴിയിലും ആശയങ്ങളെ വളരെ മനോഹരമായി പ്രകാശിപ്പിക്കാനുള്ള അന്യാദൃശ്യമായ ഒരു കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും അതിമനോഹരമായി സംസാരിക്കുവാനും എഴുതുവാനും കഴിഞ്ഞിരുന്നു. ഇംഗ്ലീഷിൽ അദ്ദേഹം എഴുതുന്ന ചെറിയ ചിന്തകൾ പോലും അത്രമാത്രം ചിന്താബന്ധുരമായിരുന്നു. നല്ല തലപ്പൊക്കം ഉണ്ടായിരുന്ന കുഞ്ഞുമോനിച്ചായന്റെ ആശയങ്ങൾക്കും ചിന്തകൾക്കും അതിലേറെ പൊക്കം ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സംസാരത്തിൽ, ഇടപാടുകളിൽ എപ്പോഴും വളരെ വിനീതൻ ആയിരുന്നു. തന്റെ ആദർശങ്ങളിലും വിശ്വാസങ്ങളിലും ബോധ്യങ്ങളിലും ഉറച്ചു നിൽക്കുവാനും അതിനുവേണ്ടി ഏതറ്റം വരെ പോകുവാനും അദ്ദേഹം തയ്യാറായിരുന്നു.

ഇസ്രായേലിന്റെ ആശ്വാസത്തിനായി യെരുശലേം ദേവാലയത്തിൽ കാത്തിരുന്ന ശിമയോൻ എന്ന വൃദ്ധനെയാണ് അച്ചായൻ ഓർമ്മിപ്പിക്കുന്നത്. സഭാ സമാധാനത്തിനു വേണ്ടി ക്ഷമയോടെ കാത്തിരുന്ന ഒരു സാത്വികൻ. യാക്കോബായ - ഓർത്തഡോക്സ് സഭകളെ പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന വേദന എത്രയോ പ്രാവശ്യം പങ്കുവെച്ചിട്ടുണ്ട്! 2017-ലെ സുപ്രീംകോടതി വിധിക്കു മുമ്പും ശേഷവും കക്ഷികൾ തമ്മിൽ സമാധാനം സംസ്ഥാപിക്കുവാൻ രാപ്പകൽ അദ്ദേഹം നടത്തിയിട്ടുള്ള ശ്രമങ്ങൾ എല്ലാവർക്കും നന്നായി അറിയാമോ എന്ന് എനിക്ക് സംശയമുണ്ട്. സഭയുടെ തെക്കും വടക്കുമായി ഇതിനായി എത്രയോ രഹസ്യവും പരസ്യവുമായി മീറ്റിങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്! എത്രമാത്രം എഴുത്തു കുത്തുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്! സഭ ഒന്നായില്ലെങ്കിൽ പോലും തെരുവ് യുദ്ധങ്ങൾ അവസാനിപ്പിക്കുവാനും പള്ളികൾക്കുള്ളിലെ കയ്യാങ്കളിയും മൃതദേഹങ്ങളോട് കാണിക്കുന്ന അനാദരവും എത്രയും വേഗം അവസാനിപ്പിക്കുവാനും സഭ ക്രിസ്തീയ സാക്ഷ്യം ഉയർത്തിപ്പിടിക്കുവാനും അദ്ദേഹം നടത്തിയിട്ടുള്ള യാത്രകളും രണ്ട് കക്ഷികളോടും നടത്തിയിട്ടുള്ള സമാധാന പരിശ്രമങ്ങളും ഇരുകക്ഷികളുടെയും ചരിത്രത്തിൽ തങ്ക ലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. സഭയിൽ ശാശ്വത സമാധാനം പുലരുവാൻ അഭിലഷിക്കുകയും അത്യാധ്വാനം ചെയ്യുകയും ചെയ്ത പരമസാത്വികനായ ഒരു മഹാ മനുഷ്യനാണ് വിടവാങ്ങുന്നത്.

കുഞ്ഞുമോനച്ചായൻ: ഒരു സമാധാന മാർഗദർശി

വർഗീസ് ജോൺ തോട്ടപ്പുഴ

'മലങ്കരസഭാ സമാധാനസമിതി' എന്ന സംഘടനയുടെ 2010-നോടടുത്ത് കോട്ടയത്തു ചേർന്ന ഒരു സമ്മേളനത്തിൽ വച്ചാണ് എ. എം. അലക്സാണ്ടർ സാർ എന്ന കുഞ്ഞുമോനച്ചായനെ പരിചയപ്പെടുന്നത്. 'വിഭജനത്തിലൂടെ സമാധാനം' എന്ന ആശയമായിരുന്നു അന്ന് യാക്കോബായ ഭാഗത്തുണ്ടായിരുന്ന വർക്കും ഓർത്തഡോക്സ് ഭാഗത്ത് അദ്ദേഹം ഉൾപ്പെടെ പലർക്കുമുണ്ടായിരുന്നത്. 'യോജിപ്പിലൂടെ സമാധാനം' എന്ന ആശയമായിരുന്നു ഞാൻ ഉൾപ്പെടെ പലരും പ്രകടിപ്പിച്ചത്.

1995 ജൂൺ 20-ലെ സുപ്രീംകോടതി വിധിയ്ക്കു ശേഷം ഒരു കക്ഷിയുടെ നേതൃത്വം യോജിപ്പിനു വിരുദ്ധമായ നടപടികളിലേക്ക് നീങ്ങുന്നതു കണ്ടപ്പോൾ ഐക്യം പ്രയാസമാണെന്നും വിഭജിച്ച് സമാധാനത്തോടെ വസിക്കുന്നതാണ് പ്രായോഗികമെന്നും അദ്ദേഹം പറയുമായിരുന്നു. ആശയപരമായി യോജിപ്പില്ലെങ്കിലും കുഞ്ഞുമോനച്ചായൻ പലപ്പോഴും എന്നെ വിളിച്ച് പല വിഷയങ്ങളിലും അഭിപ്രായം തേടുമായിരുന്നു. എന്നാൽ 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധിയ്ക്കു ശേഷം യോജിപ്പ് അനിവാര്യമാണെന്നായിരുന്നു കുഞ്ഞുമോനച്ചായന്റെ നിലപാട്.

ഒരു ആരാധനാസമൂഹം എന്ന രീതിയിലുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അനന്യതയിൽ കുഞ്ഞുമോനച്ചായൻ അഭിമാനം കൊണ്ടിരുന്നു. സഭയിലെ കക്ഷിവഴക്കിൽ ഒരുപക്ഷവും ചേരാതെ സമാധാനത്തിന്റെയും സമന്വയത്തിന്റെയും സഹിഷ്ണുതയുടെയും ഭാഗത്താണ് അദ്ദേഹം നിലയുറപ്പിച്ചത്. ഓർത്തഡോക്സ് - യാക്കോബായ സഭാസമാധാനം അദ്ദേഹത്തിന്റെ ഒരു സ്വപ്നമായിരുന്നു. സമാനമനസ്കരുടെ യോഗങ്ങൾ റാന്നിയിലെ ഭവനത്തിൽ വിളിച്ചുകൂട്ടി സഭാ സമാധാനചർച്ചയും സംവാദവും നടത്തിയിരുന്നു. സഭാ സമാധാന പ്രവർത്തനങ്ങൾക്ക് അദ്ദേഹം ഒരു മാർഗദർശിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഒരു നിവേദകസംഘം പരിശുദ്ധ പാത്രിയർക്കീസ് ബാവായുമായി നേരിൽ കണ്ട് ചർച്ച നടത്തുന്നതിനും ഇടയായിട്ടുണ്ട്.

സഭാതർക്കത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിന് മുൻനിരയിൽ നിന്ന് ആത്മാർത്ഥമായി പ്രവർത്തിച്ച തികഞ്ഞ ഒരു സഭാസ്നേഹിയായിട്ടാണ് കുഞ്ഞുമോനച്ചായനെ ഞാൻ മനസ്സിലാക്കുന്നത്. വിദൂര ഭാവിയിലെങ്കിലും ആ സ്വപ്നം സാക്ഷാത്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആ ബഹുമുഖ പ്രതിഭയുടെ സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ.

❑

ഡോ. ടി. എ. ജോർജ് എന്നതിനേക്കാൾ കുട്ടപ്പൻ സാർ എന്ന പേരാണ് കാതോലിക്കേറ്റ് കോളജിലെ ആ പഴയ പ്രിൻസിപ്പലിനെ ഓർക്കുമ്പോൾ ഏവരുടെയും മനസിൽ തെളിയുക. സ്നേഹനിധിയും, ദീർഘദർശിയുമായ ഒരു ഗുരുവര്യനായിരുന്നു അദ്ദേഹം. സഭയെയും, സമൂഹത്തെയും കരുതിയ ഉത്തമ മനുഷ്യസ്നേഹി. സഭാ മാനേജിംഗ് കമ്മിറ്റി അംഗമെന്ന നിലയിൽ ദീർഘകാലങ്ങളായുള്ള പ്രവർത്തനം, പരുമലയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ മുഖ്യ വരണാധികാരി, സഭയുടെ ഭവന നിർമ്മാണ പദ്ധതിയുടെ ജീവവായു... വിശേഷണങ്ങൾ അനവധിയാണ്. പേരോ, പ്രശസ്തിയോ ആഗ്രഹിക്കാതെ പരിശുദ്ധ സഭയ്ക്ക് വേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങൾ വിലമതിക്കാനാവില്ല. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വേദന അനുഭവിക്കുന്നവർക്ക് കരുതലേകാൻ അദ്ദേഹം നടത്തിയ ശ്രമങ്ങളെയും ഇത്തരണത്തിൽ സ്മരിക്കുന്നു. പ്രിയപ്പെട്ട കുട്ടപ്പൻ സാറിന്റെ വേർപാടിൽ ദു:ഖാർത്ഥരായിരിക്കുന്ന കുടുംബാംഗങ്ങളെ തമ്പുരാൻ തന്റെ വലതുകരം നീട്ടി ആശ്വസിപ്പിക്കട്ടെ.. വന്ദ്യനായ ഗുരുശ്രേഷ്ഠന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. ആദരാഞ്ജലികൾ.

- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

അന്തരിച്ച ഡോ. ടി. എ. ജോർജിന്റെ (കുട്ടപ്പൻ സാർ) ഭൗതിക ശരീരത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് വേണ്ടി വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ ചേർന്ന് പുഷ്പചക്രം സമർപ്പിക്കുകയും പരിശുദ്ധ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

തായ്ലന്റിൽ നടന്ന ഏഷ്യൻ എക്യുമെനിക്കൽ വിമൻസ് കോൺഫ്രൻസിൽ ഡോ. ജെയ്സി കരിങ്ങാട്ടിൽ പ്രസംഗിക്കുന്നു.

MOC പബ്ലിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ പരുമലയിൽ എഴുത്തുകാരുടെ സംഗമം

പരുമല: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ MOC പബ്ലിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ വായനയുടെയും എഴുത്തിന്റെയും ലോകത്തെ പുതിയ വാതായനങ്ങൾ തുറക്കുന്നതിനും, യുവ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി മലങ്കരസഭയിലെ എഴുത്തുകാരുടെ സംഗമവും ഏകദിന സാഹിത്യ ശില്പശാലയും ഡിസംബർ 13-നു ശനിയാഴ്ച രാവിലെ 10 മണിക്ക് പരുമല പള്ളിയിൽ സംഘടിപ്പിക്കുന്നു. പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പരിപാടി ഉദ്ഘാടനം ചെയ്യും. എഴുത്തുകാരന്റെ ക്രൈസ്തവ ദർശനത്തെ പറ്റി സാഹിത്യ നിരൂപകൻ റവ. ഡോ. മാത്യു ഡാനിയൽ പ്രഭാഷണം നടത്തും. പ്രസിദ്ധ കഥാകൃത്ത് അയ്മനം ജോണുമായി മുഖാമുഖവും ഫാ. ജോൺ സ്ലീബായുടെ നേതൃത്വത്തിൽ കവിയരങ്ങും നടത്തും. ഡോ. പോൾ മണലിൽ ക്യാമ്പ് ഡയറക്ടർ ആയിരിക്കും. പങ്കെടുക്കുവാൻ മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസ് സെക്രട്ടറി ഫാ. എബ്രഹാം ജോണിന്റെ പക്കൽ പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. മൊബൈൽ: 9847034901.

ഗ്രേസ് സാറ എബ്രഹാം മംഗലാപുരം സർവകലാശാലയിൽ നിന്ന് സ്പീച്ച് & ഹിയറിങ്ങിൽ പിഎച്ച്.ഡി. നേടി. മാർത്തോമ കോളജ് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിൽ ഡിപ്പാർട്ട്മെന്റ് മേധാവിയായി സേവനമനുഷ്ഠിക്കുന്നു. കോഴിക്കോട്, കക്കോട് പി. എസ്. എബ്രഹാമിന്റെയും ലില്ലി എബ്രഹാമിന്റെയും മകളാണ്. കല്ലൂർ മാത്യു ജേക്കബാണ് ഭർത്താവ്. തൃപ്പൂണിത്തുറ മാർ ഗ്രീഗോറിയോസ് ഇടവകാംഗം.

കോട്ടയം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ (ഐ.ഐ.ഐ.ടി കോട്ടയം) നിന്നും കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിങ്ങിൽ ജിഷാ മറിയം ജോണിന് ഡോക്ടറേറ്റ് ലഭിച്ചു. പേരിശ്ശേരി പഴയവീട്ടിൽ പി. ജോൺ ഫിലിപ്പ്സിന്റെയും എലിസബത്ത് ജോണിന്റെയും മകളാണ്. ഭർത്താവ് അനിഷ് എം. ജോർജ്, കോട്ടയം സെന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളജിലെ അസിസ്റ്റന്റ് പ്രൊഫസറാണ്. നിരണം ഭദ്രാസനത്തിലെ കുറ്റപ്പുഴ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.